976

C.V. SMARAKA GRANDHASALA
Reg. No: 988/59
THENNOORKONAM,
VIZHINJAM

No 1183
976

# മരണത്തിൻെറ നിഴലിൽ

പ്രസാധകന്മാർ

**സാഹിത്യപ്രവത്തക സഹകരണ**

**സംഘം ലിമിററഡ്**

# MARANATHINTE NIZHALIL

BY

VAIKOM MUHAMMAD BASHEER

| | | | |
|---|---|---|---|
| First | Impression | January | 1951 |
| Second | ,, | December | 1952 |
| Third | ,, | April | 1956 |

RIGHTS RESERVED

PUBLISHERS

SAHITHYA PRAVARTHAKA C. S. LTD.

---

NATIONAL BOOKSTALL

POST BOX 40, KOTTAYAM

Re. 1—0—0

No 1183
976

# മരണത്തിന്റെ നിഴലിൽ

C.V. SMARAKA GRANDHASALA
Reg. No: 988/50
THENNOORKONAM,
VIZHINJAM

വൈക്കം മുഹമ്മദ് ബഷീർ

NATIONAL BOOK STALL
31 JUL 1957
TRIVANDRUM-1

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം

വില 1 ക.

## ബഷീറിൻെറ കൃതികൾ

| | |
|---|---|
| "ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്!" | (നോവൽ) |
| ബാല്യകാലസഖി | " |
| ശബ്ദങ്ങൾ | " |
| മരണത്തിൻെറ നിഴലിൽ | " |
| മുച്ചീട്ടുകളിക്കാരൻെറ മകൾ | " |
| പ്രേമലേഖനം | " |
| സ്ഥലത്തെ പ്രധാന ദിവ്യൻ | " |
| ആനവാരിയും പൊൻകുരിശും | " |
| ജീവിതനിഴല്പാടുകൾ | " |
| വിഡ്ഢികളുടെ സ്വർഗ്ഗം | (കഥകൾ) |
| പാവപ്പെട്ടവരുടെ വേശ്യ | " |
| ജന്മദിനം | " |
| ഓർമ്മക്കുറിപ്പ് | " |
| വിശ്വവിഖ്യാതമായ മൂക്ക് | " |
| അനർഘനിമിഷം | " |
| വിശപ്പ് | " |
| കഥാബീജം | (നാടകം) |

Printed at the Nirmala Press, Changanacherry. Copies 1000.

No 1183.

# മരണത്തിന്റെ നിഴലിൽ

പ്രിയസുഹൃത്തേ,

ഓർക്കുമ്പോൾ തമാശ തോന്നുന്നു. പൊട്ടിച്ചിരിക്കാനാണ്. പക്ഷേ കരയാനും തോന്നുന്നുണ്ട്. കുറെ സമയമായിട്ട് ഞാൻ നിങ്ങൾക്കൊരു കത്തെഴുതാൻ വിചാരിക്കയാണ്. എന്നാൽ എഴുതാൻ വയ്യ. എഴുതാതിരിക്കാനും വയ്യ. രണ്ടു വികാരങ്ങളുടെ നടുവിലാണു ഞാൻ. മരണത്തിന്റേയും ജീവിതത്തിന്റേയും ഇടയിലാണെന്നല്ല. മന്ദഹാസത്തിന്റേയും വേദനയുടേയും നടുവിൽ. സത്യം അതല്ല: നാശത്തിന്റെ വക്കിൽ. ഒരു തമാശ കേട്ടോളൂ: മരണത്തിന്റെ നിഴലിൽ ഈ ലോകം എത്തിച്ചേർന്നിരിക്കുന്നു, എന്നു നിങ്ങൾക്കെപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?

* * *

ഒരു പരമാത്ഥമുള്ളതു് നിങ്ങളും ഞാനും—എല്ലാം തന്നെ എപ്പോഴും മരണത്തിൻെറ നിഴലിലാണ്. ഇതിൽ പേടിക്കാനൊന്നുമില്ല, കേട്ടോ. ഒന്നുകിൽ ചിരിക്കുക; അല്ലെങ്കിൽ കരയുക. ഈ എഴുത്തു നിങ്ങൾക്കു കിട്ടുമ്പോൾ ഒരുപക്ഷേ ഞാൻ മരിച്ചുകഴിഞ്ഞു എന്നു വരാം. അതുകൊണ്ടു വളരെ ശ്രദ്ധയോടെ ഇതു വായിക്കുക. ഒരു തമാശക്കഥയാണ്. കഥ വായിക്കാൻ നിങ്ങൾക്കിഷ്ടമാണല്ലോ. ഇതിൽ കഥാപാത്രങ്ങൾ അധികമില്ല. എൻെറ ഒരു ആരാധകനായ ഒരു സിനിമാ പ്രൊഡ്യൂസർ. പിന്നെ, ഒരു സിനിമാനടൻ, ഒരു നത്തകി, ഒരു തൊഴിലാളി നേതാവ്—ഇവരെല്ലാം എന്നെ ഇഷ്ടപ്പെട്ടുന്നവരാണ്. ഇനിയുള്ളതു പാൽക്കാരി കുഞ്ഞമ്മയാണ്. അവളെ ഞാൻ കെട്ടിക്കളയുമെന്ന് അവളെ ഞാൻ ഭീഷണിപ്പെടുത്തിയിട്ടുണ്ടു്. അതിനെന്താണെന്നോ കാരണം?

* * *

ഒന്നുണ്ടു്: ഇതെനിക്കു പൂത്തിയാക്കാൻ കഴിയുമോ എന്തോ. പ്രിയസുഹൃത്തേ, എനിക്കു ലക്കുകേടു തോന്നുന്നു. അതിനിടയ്ക്കീ വേദനയും. ഇപ്പോൾ ചിരിക്കാനും തോന്നുന്നുണ്ടു്. ഇതു പൂത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽ...... അതെ, നിങ്ങൾക്കൊരു സന്ദേശംതരാൻ വിചാരിക്കുന്നു. ആരോഗ്യപരമായതെന്തും, മററുള്ളവക്കു് ഉപദ്രവമല്ലാത്തതെന്തും, നിങ്ങൾ ചെയ്യുക.

ഞാൻ ഈ ലോകത്തെ സ്നേഹിക്കുന്നു എന്നു വിചാരിക്കണേ. ഇതിലുള്ള എല്ലാററിനേയും. ഇപ്പോൾ ഞാൻ വെള്ളത്തെ സ്നേഹിക്കുന്നു. എന്താണെന്നോ?

എനിക്കു വളരെ ദാഹമുണ്ടു്. ഉണങ്ങിവരണ്ട മരുഭൂമിപോലെ തോന്നുന്ന ഹൃദയം. ദാഹം. കൊടിയ ദാഹം. കുറച്ചു വെള്ളം വേണം. 'വെള്ളം! വെള്ളം!!' കേൾക്കാൻ ആരുമില്ല. വിളിച്ചാൽ കേൾക്കുന്നിടത്തെങ്ങും ആളില്ല. ഏകാന്തവും ഭീകരവുമായ......ഓ, ഞാനിവിടെ തനിച്ചാണു്. ഇഞ്ചിഞ്ചായി......ഓ, എന്നെ ഈ നിലയിൽ എത്തിച്ച എൻെറ ആ ആരാധകൻ—അദ്ദേഹം ഇപ്പോൾ കയറിവന്നെങ്കിൽ. അല്ലെങ്കിൽ ആ കുഞ്ഞമ്മ. ഇല്ല. സമയമായില്ല. നാലുമണിയാവാൻ ഇനി എത്ര മണിക്കൂറുണ്ടു്?

*　　　*　　　*

അല്പം ക്ഷമയോടെ കേൾക്കണേ!

അതു്—അല്ലെങ്കിൽ ഇതു്—ഒരു തമാശക്കഥയാണെന്നു പറഞ്ഞല്ലോ. ഓർക്കുമ്പോൾ ചിരിക്കാൻ തോന്നും; കരയാനും. കേൾക്കാനാരുണ്ടു്? ഇതൊരു വെറും ചോദ്യമാണു്. എന്താണെന്നുവച്ചാൽ, എനിക്കു തനിച്ചിരുന്നു കരയാനും ചിരിക്കാനും കഴിയും. ഘോരമായ വനാന്തരത്തിലേയ്ക്കു് എടുത്തെറിയപ്പെട്ട ഒരു കുട്ടിയാണു ഞാനെന്നു വിചാരിക്കൂ. എങ്ങനെ ജീവിച്ചു? ആഹാരം വേണ്ടേ? ഉറങ്ങാൻ സ്ഥലം വേണ്ടേ? രാവും പകലും സുരക്ഷിതമായിരിക്കണമല്ലോ? എന്നാൽ ഒന്നും സുരക്ഷിതമായിരുന്നില്ല. ജാഗ്രതയോടെ എന്നെ മാത്രം ആശ്രയിച്ചു......വേണ്ട—എല്ലാം മറന്നേക്കൂ. ഞാൻ അങ്ങനെ വളന്ന ആളല്ല. പക്ഷേ, പതിനെട്ടാമത്തെ വയസ്സിൽ, കയ്യിൽ ഒരു പേനയുമായി, ജനിച്ചുവളന്ന വീട്ടിൽനിന്നും

ഇറങ്ങി എന്നുമാത്രം. എങ്ങോട്ടാ ഇറങ്ങിയതു്! എനിക്കു പരിചയമില്ലാത്ത സുന്ദരവും ഭീകരവുമായ ഈ ലോകത്തിലേയ്ക്കു്. എന്നിട്ടിപ്പോഠം എത്ര വയസ്സായി എന്നല്ലേ? അറിഞ്ഞുകൂടാ. കുഞ്ഞമ്മയോടു ഞാൻ പറയുന്നതു് എനിക്കു് അൻപത്തിരണ്ടു വയസ്സായി എന്നാണു്. അവഠംക്കു് എട്ടു വയസ്സേയുള്ളു. അവളെ ഞാൻ കെട്ടുന്നതു് അവഠംക്കിഷ്ടമാണു്. എന്താണെന്നുവച്ചാൽ, അവഠംക്കു് എന്നെ ബോധിച്ചു! എന്നാലും ഒരു കുഴപ്പമുണ്ടു്. അപ്പച്ചനും അമ്മച്ചിയും സമ്മതിക്കുന്നില്ല! അതിൽ അവഠംക്കു വേദനയും പരിഭവവുമുണ്ടു്. അവഠം ചോദിച്ചു:

"ഒന്നു വന്നു് പറയാമ്പാടില്ലേ?"

ഞാൻ പറഞ്ഞു:

"പറയാമെടീ. ഈ യുദ്ധമൊന്നു കഴിയട്ടെ!"

"കഴിഞ്ഞില്ലേലെന്താ?"

*   *   *

അതിനുമുമ്പു ഞാനവളെ കെട്ടണം. തരക്കേടില്ല.

ഇപ്പോഠം വെയിലിനു നല്ല ചൂടു തോന്നുന്നുണ്ടു്. തീയുടെ അടുത്തിരിക്കുന്നതുപോലെ. ചൂടുകാററുമുണ്ടു്. അതിൽ കുളിർപരിമളവും. എൻെറ റോസയിൽനിന്നും മുല്ലയിൽനിന്നുമാണു്. ഇളം ചുവപ്പും തൂവെള്ളയുമായ പൂക്കഠം. എവിടെനിന്നുണ്ടായി എന്നറിഞ്ഞുകൂടാ. എത്രയോ പൂക്കളുണ്ടായി! ഇലയോ ശിഖരങ്ങളോ ഇല്ലാതിരുന്ന നാലു വെറും കമ്പുകളായിരുന്നു അവ. രണ്ടു റോസയും രണ്ടു മുല്ലയും. പണ്ടൊരുകാലത്തു് ഞാൻ അവയെ നാലു ചട്ടികളിൽ മണ്ണിട്ടുനനച്ചു. പൂക്കളുണ്ടാവില്ല എന്നുപലരും

പറഞ്ഞു. വിശേഷിച്ചു മൂല്ലയിൽ. ഒരു വെല്ലുവിളിപോലെ എന്നു പറയട്ടെ. ആദ്യം മുല്ലകൾ പുഷ്പിച്ചു. പിന്നീടു റോസയും. ആദ്യമാദ്യം കുഞ്ഞമ്മ വന്നപ്പോൾ അവൾ ചെടികളുടെ ഇല നുള്ളുമായിരുന്നു. കരുതിക്കൂട്ടിയല്ല. വർത്തമാനങ്ങളുടെ ഇടയ്ക്കു് ഒരില നുള്ളി ഞെരിക്കുന്നതു് ഒരു സുഖമാണു്. അങ്ങനെ ചെയ്യുമ്പോഴൊക്കെ ഞാൻ വിലക്കും. പക്ഷെ അവൾ അതു മറന്നുപോകും. ഒരിക്കൽ ഞാൻ ഇരുമ്പുപാര എടുത്തു. ചെടികളുടെ ചുവടിളക്കാനുള്ളതാണു്. അതിപ്പോൾ ദാ ആ മൂലയിൽ ചാരിനില്ക്കുന്നു. ഞാനതെടുത്തു് കുഞ്ഞമ്മയുടെ ചൂണ്ടുവിരൽ പിടിച്ചു പടിയിൽ വെച്ചിട്ടു് അതുകൊണ്ടു്. പതുക്കെ വിരലിൽ മുട്ടി. അവൾക്കു് വളരെ നൊന്തുകാണണം; ഞാൻ മുട്ടിക്കഴിഞ്ഞിട്ടും വിരൽ അവിടെത്തന്നെ വെച്ചുകൊണ്ടു് അങ്ങിനെ ഇരുന്നു. ഞാൻ നോക്കുമ്പോൾ അവൾ കരയുകയാണു്. എന്നുവെച്ചാൽ കണ്ണുനിറഞ്ഞു എന്നുമാത്രം. ആവിധം എന്നെ നോക്കിക്കൊണ്ടു് വിരൽ എടുക്കാതെ തൊണ്ടവിറയലോടെ ചോദിച്ചു.

"ഇനി അടിച്ചുചതയ്ക്കുന്നില്ലേ?"

അന്നുഞാൻ പറഞ്ഞു:

"നിന്നെവേണേ ഞാൻ കെട്ടിക്കോളാം!"

"തല്ലിക്കൊല്ലാനാ...?"

ഞാൻ കുറെ പൂക്കറം പറിച്ചു് അവളുടെ മടിയിൽ തിരുകിക്കൊടുത്തു. ഇന്നു് ഏതായാലും ചെടികൾക്കു വെള്ളം ഒഴിച്ചിട്ടില്ല. ലേശം വാട്ടം ഉണ്ടെന്നു തോന്നുന്നു. അവൾ ഇപ്പോൾ വന്നെങ്കിൽ പാൽ ചെടികൾക്കൊഴി

പ്പിച്ചിട്ട് ഒരു പാത്രം വെള്ളം എടുപ്പിച്ച് കുടിക്കാമായിരുന്നു. അവൾ വരാൻ ഇനി എത്രസമയമുണ്ട്?

അവൾ ഇന്നാലെ വന്നുപോയ ഉടനെ എൻെറ ആരാധകൻ വന്നു. അതെ:

ഇന്നാലെ എൻെറ ആരാധകൻെറ ഭാര്യ വിധവയായേനെ. കുട്ടികൾ അച്ഛനില്ലാത്തവരും. മരണത്തിൻെറ നിഴലിൽ അദ്ദേഹം......അതു പോകട്ടെ. കുഞ്ഞമ്മ വരുമ്പോൾ ഞാൻ ഈ ചാരുകസേരയിൽ, കയ്യിൽ പേനയുമായി, മടിയിൽ കടലാസുമായി—കാണാത്ത കണ്ണുകളോടെ, കേൾക്കാത്ത ചെവികളോടെ, അനക്കമില്ലാതെ ഇരിക്കുകയാണെങ്കിൽ......പാവം! കുഞ്ഞമ്മ ഭയപ്പെട്ടേയ്ക്കും. ഭയപ്പെടരുതെന്നു് എനിക്കു വിചാരമുണ്ടെന്നു കരുതരുതു്. ഞാൻപറയുന്നതു്, ഈ കെട്ടിടത്തിൽ ഞാൻ തനിച്ചാണു്. വലിയ ഒരു കെട്ടിടമാണിതു്. ഇതിലെ ഏററവും ചെറിയ മുറിയിലാണു് ഞാൻ. മററു മുറികളിൽ ആളില്ല. ഉയൎന്ന മതിലുകളാൽ ചുററപ്പെട്ട വിശാലമായ പറമ്പിലെ വലിയ കെട്ടിടത്തിലെ ചെറിയ മുറിയിൽ തുറന്ന വാതിലിൻെറ അടുത്തു് ചാരുകസേരയിൽ കുനിക്കൂടി ഇരിക്കയാണു് ഞാനെന്നു വിചാരിക്കൂ. അയൽപക്കത്തുള്ള വീടുകളെല്ലാം ഒഴിഞ്ഞുകിടക്കുകയാണു്.

എൻെറ സുഹൃത്തേ! ഇവിടെ എന്തൊരുബഹളമായിരുന്നു! ചിരിയും തമാശയും പാട്ടും ആർപ്പുവിളികളും അട്ടഹാസവും. ഇപ്പോൾ എല്ലാം നിശ്ശബ്ദം, എല്ലാവരും ഓടിപ്പോയി. മിക്ക വീടുകളിലേയും പൂന്തോട്ടങ്ങൾ ഉണങ്ങി, ചിലതു വാടിത്തുടങ്ങുന്നു. എല്ലാം ഇട്ടെറിഞ്ഞു് ആളുകൾ ഓടിപ്പോയി. എനിക്കു മാത്രം പോകാൻ ഇട

മില്ല. അല്ലെങ്കിലീ ഭൂമിയിൽനിന്ന് ഓടി എവിടെപ്പോകാനാണ്?

*  *  *

ശരിതന്നെ. ഈ പട്ടണം ഒരു മരിച്ച വീടുപോലെ ആയിത്തീന്നിരിക്കുന്നു. അല്ലെങ്കിൽ, മരണത്തെ അനുനിമിഷം പ്രതീക്ഷിക്കുന്ന ഒരു വീട്. സ്ഥിരതാമസക്കാരിൽ കാൽഭാഗംപോലും ശേഷിച്ചിട്ടില്ല. ഉള്ളവരിൽ അധികവും പട്ടാളക്കാരാണ്. പിന്നെ വേശ്യകൾ, റിക്ഷാവണ്ടിക്കാർ, പോലീസുകാർ. കൂടാതെ ബസ്സുകളുണ്ട്; ട്രെയിനുമുണ്ട്. ആകാശവിമാനങ്ങളും. ചുരുക്കത്തിൽ, ഇവിടെ ജനങ്ങളുണ്ടെന്നത്ഥം. ഇവിടത്തെ രാത്രിയെപ്പററി ആലോചിച്ചുനോക്കുക. ഭയം എല്ലാ ഹൃദയങ്ങളിലും കടന്നുകഴിഞ്ഞു. അല്ലെങ്കിലെന്തുഭയം? പണ്ടാരോ പറഞ്ഞ മാതിരി, എന്താണു നഷ്ടപ്പെടാനുള്ളത്? പക്ഷെ, സൈറൺ എന്നുപറയുന്ന ആ അപകടമുന്നറിയിപ്പുയന്ത്രത്തിൻെറ ദയനീയമായ നീണ്ട നിലവിളി......അതു് കേട്ടുകേട്ടു് ചെവി തഴമ്പിച്ചുപോയി. എന്നാലും അതു കേൾക്കുമ്പോഴൊക്കെ നടുങ്ങും. അതാ ഈ പട്ടണം ബോംബുചെയ്യാൻ പോകുന്നു! ബോംബർവിമാനങ്ങളുടെ വരവായി. ഇങ്ങനെ കുറെ അങ്ങു കഴിയുമ്പോൾ ഒരു അലസത ബാധിക്കാതിരിക്കുമോ? ഒന്നും സംഭവിക്കുന്നില്ല. ഇങ്ങനെ ദിനരാത്രങ്ങൾ കഴിഞ്ഞുവരവെ, ദാ എന്നിൽ സംഭവിച്ചിരിക്കുന്നു! എന്താണെന്നോ?

*  *  *

എനിക്ക് അനങ്ങാൻ വയ്യ. അല്ലെങ്കിൽ ഞാൻ

എണീററുചെന്ന് വാതിൽ അടച്ച് സാക്ഷായിട്ടുമായിരു ന്നു. കുഞ്ഞമ്മയെ ഭയപ്പെടുത്തരുതല്ലോ! പക്ഷെ, നി വന്നാൽ വയറു നാലായി വിണ്ടുപോകും. അതുകൊണ്ട് ഇങ്ങനെത്തന്നെ ഇരിക്കണം. മുറിഞ്ഞു് ചോരയൊലിക്കു കയാണെന്നു വിചാരിക്കരുതു്. അത്തരം ഒന്നും സംഭ വിച്ചിട്ടില്ല. എന്താ സംഭവിച്ചതെന്നല്ലേ? സംഭവത്തിൽ ഏകാഗ്രത ചെലുത്താൻ വയ്യ. ശ്വാസം മുട്ടുന്നു. വേറെ തമാശ പറയാം. കരയേണ്ട വിഷയമാണ്. നിങ്ങൾക്കും എനിക്കും അറിയാം. നമ്മുടെ ലോകമാകുന്ന ഈ വീടി ൻെറ ഒരുവശത്ത് തീപിടിച്ചിരിക്കുന്നു. അല്ലെങ്കിൽ മനു ഷ്യസമുദായമാകുന്ന ശരീരത്തിൻെറ ഒരു വശം ചീഞ്ഞു് പുഴുത്തിരിക്കുന്നു. ഇതാണല്ലോ യുദ്ധം. തീർച്ചയായും എനിക്കതിൽ പങ്കില്ല. നിങ്ങൾക്കുണ്ടോ? അവിടെ ന ഗരങ്ങൾ കത്തി ദഹിക്കുന്നു. അതെ: ദഹിക്കട്ടെ! ഈ യു ദ്ധം നിങ്ങളെ എങ്ങനെ ബാധിച്ചു?

കുഞ്ഞമ്മയ്ക്കും എൻെറ ആരാധകനും ബാധിച്ചതെ ങ്ങനെയാണെന്നോ. യുദ്ധത്തിൻെറ ഓർമ്മയ്ക്കെന്നമാതി രി, എൻെറ ആരാധകൻെറ മുൻവശത്തെ രണ്ടു പല്ലു കൾക്ക് സ്വർണ്ണംകെട്ടിച്ചു. ഒരു ഭംഗിക്കുവേണ്ടി. ചിരി ച്ചില്ലെങ്കിലും അദ്ദേഹം ചിരിക്കുന്നതുപോലെ തോന്നും. അദ്ദേഹത്തിന് ഭാര്യയും രണ്ടു കുട്ടികളുമുണ്ട്. സുരക്ഷിത മായ ഒരു സ്ഥലത്താണവര്. യുദ്ധംമൂലം അദ്ദേഹം നാലു ലക്ഷത്തിൻെറ വക സമ്പാദിച്ചു. എന്നാലും യുദ്ധം നല്ല താണെന്ന് അദ്ദേഹത്തിന് വിചാരമില്ല. കലാരസിക നാണ്. കുഞ്ഞമ്മയെ സംബന്ധിച്ചാണെങ്കിൽ അവളുടെ പ്രശ്നം പുല്ലാണ്. പുല്ലിനെ ആശ്രയിച്ചാണ് ജീവിതം.

അപ്പച്ചനുണ്ട്. അമ്മച്ചിയുണ്ട്. അവളുടെ മൂത്തതും ഇളയതുമായി രണ്ടാങ്ങളമാരും. ഇതുകൂടാതെ ഇരുപത്തിരണ്ട് കോഴി. ഒമ്പതു പൂച്ച. ഒരു പശു. എല്ലാവരും പുല്ലിനെ ആശ്രയിച്ച് ജീവിക്കുന്നു. പുല്ല്, പശുവിനാണ്. പശുവിൻെറ പാല് വിററിട്ടുവേണം എല്ലാവർക്കും ആഹാരം നേടാൻ......ഒരു പ്രകാരത്തിൽ എനിക്കും പുല്ലിനോട്ട് കടപ്പാടുണ്ട്.

അരക്കുപ്പി പാല് കൃത്യമായി ഞാൻ–പക്ഷെ മനസ്സോടെയല്ല. എന്താ ചെയ്യുക. ഇപ്പോൾ ഒരഞ്ചുരൂപയോളം ഞാൻ കുഞ്ഞമ്മയ്ക്ക് കൊടുക്കാനുണ്ട്. ഞാൻ പറഞ്ഞല്ലോ അവളുടെ പ്രശ്നം പുല്ലാണ്.

"പുല്ലിന് വിലകൂടിയതെന്താ?"

ഞാൻ പറയും:

"യുദ്ധംമൂലം?"

അവൾ വിശ്വസിക്കുന്നില്ല. എന്നാലും ഞാനാണല്ലോ പറയുന്നത്. അവൾ ചോദിക്കും!

"യുദ്ധത്തിനെന്തിനാ പുല്ല്?"

## 2

കുഞ്ഞമ്മയ്ക്ക് പോളിററിക്സ് മനസ്സിലാവുകയില്ല. എൻെറ ആരാധകന് പോളിററിക്സെല്ലാം നന്നായി അറിയാം. അദ്ദേഹം ഒരു രാഷ്ട്രീയകക്ഷിയിൽപ്പെട്ട ആളാണ്. ആ കക്ഷിക്ക് അദ്ദേഹം ധാരാളം പണംകൊടുക്കുന്നുണ്ട്. മററു കക്ഷികളെപ്പററി അദ്ദേഹത്തിന് അവജ്ഞയാണ്. അതിലെ നേതാക്കന്മാരെല്ലാം അവസ

രസേവകന്മാരാണ്. പച്ചക്കള്ളങ്ങളാണ് അവർ പറയുന്നത്. ജനങ്ങൾ അവരുടെ പിന്നിൽ അണിനിരക്കുന്നത് ശരിയാണോ?

"എന്തൊരു കള്ളങ്ങളാണെന്നോ അവർ പ്രസംഗിക്കുന്നത്! എൻെറ സ്നേഹിതാ, നിങ്ങൾക്കനുഭവപ്പെട്ടുകാണും അത്. അവരുടെ പ്രസംഗങ്ങൾ കേൾക്കുമ്പോഴെല്ലാം ഞാൻ വിചാരിച്ചിട്ടുണ്ട്. കണ്ണിയടുപ്പമുള്ള രണ്ട് അരിപ്പകൾ ഞാൻ ചെവികളിൽവെച്ചു കെട്ടിക്കൊണ്ടു വന്നില്ലല്ലോ! എന്ന്."

ഞാൻ ചോദിച്ചു.

"എന്തിനാ?"

"മനസ്സിലായില്ലേ?"

"ഇല്ല!"

"വലിയ നുണകൾ ചെവികളിൽ കടക്കാതിരിക്കാൻ."

എന്നിട്ടദ്ദേഹം എന്നെ നോക്കി. ആ പല്ലുകൾ തിളങ്ങി. ആ കണ്ണുകൾ തിളങ്ങി.....അദ്ദേഹം ചിരിക്കുകയായിരുന്നില്ല. സാധാരണക്കാരത് ചിരിയായി സ്വീകരിക്കും. അതുകൊണ്ട് ഞാനും അത് ചിരിയായി സ്വീകരിച്ചു. ഞാൻ പൊട്ടിച്ചിരിച്ചു, അപ്പോൾ, ഇപ്പോൾ എനിക്ക് പൊട്ടിച്ചിരിക്കാൻ കഴിയുന്നില്ല. വേദനയോടെ മന്ദഹസിക്കാം. അദ്ദേഹം എന്നെ കാണാൻ വന്ന കച്ചവടത്തിലെ ആദായമാണിത്. എനിക്കെന്താ പററിയത്. എന്നല്ലേ?

* * *

അദ്ദേഹത്തെ എൻെറ അടുത്തേയ്ക്കയച്ചത് എൻെറ മൂന്നു സുഹൃത്തുക്കളാണ്: അവർ ഈ പട്ടണത്തിലല്ല. ഇവിടെനിന്ന് തൊണ്ണൂറുമൈൽ അകലെയുള്ള ഒരു പട്ടണത്തിൽ. അവരിൽ ഒരാൾ ഒരു തൊഴിലാളിനേതാവാണ്. മറെറയാൾ ഒരു സിനിമാനടനും. സിനിമാനടൻ രണ്ടു സിനിമയിൽ മാത്രമേ നടിച്ചിട്ടുള്ളു. രണ്ടും വില്ലൻെറ പാർട്ടാണ്. അദ്ദേഹത്തിനതിഷ്ടമല്ല. വില്ലനില്ലാത്ത കഥകളാണദ്ദേഹത്തിനിഷ്ടം.

"നോക്കിഷ്ടാ!" അദ്ദേഹം പറഞ്ഞിട്ടുണ്ട്; "നിങ്ങളുടെ കഥകൾ സിനിമയാക്കാൻ വിചാരിക്കുമ്പോൾ എന്നെ വിളിക്കണം, മറക്കരുത്!"

ഞാൻ വിളിക്കാത്തതുകൊണ്ട് അദ്ദേഹം ദാ വിളിച്ചിരിക്കുന്നു! അദ്ദേഹത്തിന് വളരെ ജാഗ്രതയുണ്ട്. ഞാൻ പറയുന്നത് സിനിമാനടനെപ്പററിയാണ്. അദ്ദേഹം ഈയ്യിടെ വിവാഹം ചെയ്തു. നൃത്തം ചെയ്യാനും പാടാനും— എന്നുവച്ചാൽ അവൾക്ക് ഇതുരണ്ടിനും ജന്മവാസനയുണ്ട്. അവൾക്ക് എൻെറ കഥയിൽ നൃത്തം ചെയ്യുകയും പാടുകയും ചെയ്യാം. നൃത്തവും പാട്ടും എൻെറ കഥകളിലില്ല. എങ്കിലും എൻെറ ഒരു കഥാപാത്രമെന്ന നിലയ്ക്കു് കഥകളിൽ അവൾക്ക് ഇഷ്ടം തോന്നുന്ന സ്ഥലത്ത് നൃത്തം ചെയ്തോട്ടെ; ഇഷ്ടം തോന്നുന്നിടത്ത് പാടിക്കോട്ടെ. ഇതു് ഞാൻ ഭംഗിക്കുവേണ്ടി പറഞ്ഞതാണ്. ഞാൻ സമ്മതിക്കുമോ? എന്താണെന്നല്ലേ? പാടേണ്ട സ്ഥലം വരുമ്പോൾ ഞാൻ പറയും—"പാടുക, നൃത്തം ചെയ്യേണ്ട സ്ഥലം വരുമ്പോൾ ഞാൻ പറയും—അതു അറിയാമല്ലോ." ഞാൻ അവൾക്കുവേണ്ടി

ഒരു കഥയെഴുതാമെന്ന് പറഞ്ഞിരുന്നു. അവൾക്കുവേണ്ടി അതിൽപാട്ടും ഇടാമെന്നു പറഞ്ഞിരുന്നു. അവൾക്കുവേണ്ടി ഇപ്പോൾ തോന്നുന്ന കഥ എന്താണെന്നോ?

*    *    *

മരണത്തിന്റെ നൃത്തം!

പ്രിയപ്പെട്ട നൎത്തകി! ദാ സമയമായിരിക്കുന്നു! നൃത്തം ചെയ്തോളൂ. നിനക്കുവേണ്ടിയുള്ള കഥയുടെ പേര്, “മരണത്തിന്റെ നൃത്തം!” നമ്മുടെ ഈ ലോകമാകുന്ന വസന്താരാമത്തിൽ നൃത്തംചെയ്യുക! ഇതിന്റെചുററിനും തീപിടിച്ചിരിക്കയാണ്. നൃത്തം ചെയ്യുക! ദീനരോദനങ്ങളുടേയും, ഭയങ്കരാട്ടഹാസങ്ങളുടേയും, ഘോരമായ ചിരിയുടേയും—ഇടയ്ക്ക് നീ നൃത്തംചെയ്യുക! നിനക്കിഷ്ടമുള്ള പാട്ടുപാടൂ. ആത്മാവും ഹൃദയവും ശരീരവും കത്തിയെരിയുകയാണ്, എന്നുള്ളതിന്റെ പാട്ടും പാടിക്കൊള്ളുക!

മരണത്തിന്റെ നൃത്തം!

*    *    *

അതു ഞാൻ കാണുന്നു എന്നുമാത്രം. ഭാവനയിലാണെന്നു വിചാരിക്കുക. എന്താണെന്നോ, ലോകം മുഴുവനും കത്തി ദഹിക്കുന്നില്ല. ഒരു വശംമാത്രം. അവിടെ ആണും പെണ്ണും ആയിരക്കണക്കിനു മരിച്ചുകൊണ്ടിരിക്കുന്നു. നഗരങ്ങളാണല്ലോ കത്തിയെരിയുന്നതു്! കപ്പലുകൾ പൊട്ടിത്തെറിക്കുന്നു. വിമാനങ്ങൾ വെന്തുവീഴുന്നു. അവിടെ മരണം ഗജ്ജിക്കുന്നു. അവിടെ മരണം പൊട്ടിച്ചിരിക്കുന്നു. അവിടെ മരണം നൃത്തംചെയ്യുന്നു!

ഇവിടെയോ?

*    *    *

നിശ്ശബ്ദം! ഈ പട്ടണം എപ്പോഴാണ് ബോമ്പുചെയ്യുന്നതെന്നറിഞ്ഞുകൂടാ. കുഞ്ഞമ്മ പറയുന്നത്—എന്നുവെച്ചാൽ അവളുടെ അപ്പച്ചൻ പറഞ്ഞത്—"കർത്താവു വിളിക്കുമ്പോൾ എവിടെയായിരുന്നാലും അങ്ങ് ചെന്നേതീരൂ."

കുഞ്ഞമ്മയുടെ അമ്മച്ചി പറയുന്നത്:
"നമ്മക്ക് ഇവടന്ന് എവിടേങ്കിലും പോണം!"

കുഞ്ഞമ്മ പറയുന്നത്:

"ഇവിടെ ബോംബു വീണെങ്കിൽ ഒന്നു കാണാമായിരുന്നു."

എൻെറ ആരാധകൻ പറഞ്ഞത്:

"ബോമ്പുവീണ് ഈ പട്ടണം പൊട്ടിത്തെറിക്കയും കത്തുകയും ചെയ്യുമ്പോൾ—അത് ഫിലിമെടുക്കാൻ കഴിഞ്ഞെങ്കിൽ!"

അദ്ദേഹം എൻെറ അടുത്തുവരാൻ ഉത്തരവാദി ആ തൊഴിലാളിനേതാവാണ്. അപ്പോൾ എന്നെ ഈ പതനത്തിൽ എത്തിച്ചതിനുത്തരവാദി ആ തൊഴിലാളിനേതാവുംകൂടിയാണ്. പക്ഷേ, അദ്ദേഹം ദോഷമല്ലാ ഗുണമാണുദ്ദേശിച്ചത്. എൻെറ സുഹൃത്താണല്ലോ. അദ്ദേഹം അതിൻെറ ശരിയായ അർത്ഥത്തിൽ, ഒരു തൊഴിലാളിനേതാവാണ്. നേതൃത്വംകൊണ്ടല്ല, തൊഴിലുകൊണ്ടു ജീവിക്കുന്നു. യന്ത്രങ്ങളുടെ ശബ്ദപ്രളയവും, തീയുടെ ഉഗ്രമായ ചൂടും, ഉരുകിയ ലോഹത്തിൻെറ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശവും—ഇതാണദ്ദേഹത്തിൻെറ പശ്ചാത്തലം. ഉശിരോടെ അദ്ദേഹത്തിന് വർത്തമാനംപറയാൻ കഴിയും. നേ

താവായതുകൊണ്ട് സവ്വജ്ഞനാണെന്ന് ഭാവിക്കാറില്ല. സൂ യ്യഗോളത്തിൻെറ അടിയിലും, അതിൻെറ മുകളിലും— അദ്ദേഹത്തിനറിയാൻ കഴിയാത്തതായി പലതുമുണ്ടെന്ന് അദ്ദേഹം സദയം സമ്മതിച്ചിട്ടുണ്ട്.

"ഉരുകിയ ലോകത്തിൻെറ ചൂടിനെപ്പററി അറിയ ണമെങ്കിൽ എന്നോടു ചോദിക്കുക!"

ചോദിക്കേണ്ടിവന്നിട്ടില്ല. എന്താണെന്നുവെച്ചാൽ, അദ്ദേഹത്തിൻെറ കൂടെപ്പോയി ഞാനതു് അനുഭവിച്ചി ട്ടുണ്ട്. അദ്ദേഹം പറയുന്നതു്, "ഉരുക്കുകൊണ്ടു നിമ്മിച്ച തല്ല ഞങ്ങളുടെ ശരീരം."

അതു് ശരിയാണുതാനും. ഉരുകി വെള്ളംപോലെ ആയ ഉഗ്രചൂടുള്ള ഇരുമ്പു് അദ്ദേഹത്തിൻെറ ഇടതുകാ ലിൽ വീണതുകൊണ്ട് പാദത്തിനു മുകളിൽവെച്ച് പി ന്നീട് ഡോക്ടർ മുറിച്ചുകളയേണ്ടിവന്നു. അദ്ദേഹവും എ ൻെറ ആ ആരാധകനും രണ്ടു തത്വശാസ്ത്രങ്ങളിൽ വി ശ്വസിക്കുന്നവരാണ്. സിനിമാനടനും അങ്ങനെതന്നെ. മൂന്നാമതൊരു തത്വശാസ്ത്രം. നത്തകിയും പാട്ടുകാരിയു മായ അദ്ദേഹത്തിൻെറ ഭായ്യക്കു് തത്വശാസ്ത്രമൊന്നു മില്ല. എങ്കിലും......

*          *          *

അതെ, എന്നെ ഈ നിലയിലെത്തിച്ചതാരാണ്? അവളോട് എൻെറ ആ ആരാധകൻ സിനിമയെപ്പററി സംസാരിച്ചു. നല്ല കഥ വേണം. നല്ല കഥവേണമെങ്കിൽ അവൾ എൻെറപേരു പറയാതിരിക്കുമോ? പറഞ്ഞു. പക്ഷെ സ്ഥിരമായ ഒരഡ്രസ്സുള്ള ആളല്ല ഞാൻ. എവി

ടെയാണ് കാണുക എന്നവൾക്കറിഞ്ഞുകൂടാ. അവൾ ഭത്താവിനോടു ചോദിച്ചു. ഭത്താവ് തൊഴിലാളിനേതാവിനോടു ചോദിച്ചു. തൊഴിലാളിനേതാവ് ചൊവ്വേനേരെ എൻെറ ആരാധകനെ എൻെറ അടുത്തേക്കു പറഞ്ഞയച്ചു. അദ്ദേഹം വന്നു. എന്നെ കണ്ടു. അദ്ദേഹം പോയി. ഞാൻ ഈ നിലയിൽ എത്തുകയും ചെയ്തു. കുറച്ചുകൂടിത്തന്നെ ഇരിക്കണം. ഈ അനക്കമില്ലായ്മയിൽ ഒരു സുഖമുണ്ട്. വേദന എവിടെയാണെന്ന് ഇനിയും കണ്ടു പിടിക്കേണ്ടിയിരിക്കുന്നു. തലയ്ക്കിപ്പോൾ ഒരു മരവിപ്പു തോന്നുന്നുണ്ട്. ചോരയോട്ടം കഴുത്തുവരേയുള്ളോ? തലയില്ലാത്ത ഒരുടല്. ഈ ചിത്രം എന്നിൽ പേടി ഉണ്ടാക്കുന്നു. പരമാത്ഥത്തിൽ എനിക്കു ശിരസ്സുണ്ട്. കണ്ണുകളും ചെവികളുമുണ്ട്. എന്നാലും എന്തോ കുഴപ്പമുണ്ട്. എന്താണെന്നോ?

* * *

ഞാൻ വേണമെങ്കിൽ എന്നെ ഈ കടലാസ്സിൽ ഇറക്കിവെയ്ക്കാം. അല്ലെങ്കിൽ വേണ്ട. ഞാൻ നിങ്ങളാണെന്ന് വിചാരിക്കു നിങ്ങൾ. അതായതു നിങ്ങൾ എന്നിൽ പ്രവേശിക്കുക. കാൎയ്യമായിട്ടല്ല. വെറും തമാശയ്ക്ക്. ആദ്യം മുതൽ ഭാവനചെയ്തോളു. വേദന എവിടെയാണെന്നറിഞ്ഞുകൂടാ. ചിലപ്പോൾ തോന്നും തൊലി മുഴുവനും ഉരിച്ചുകളഞ്ഞിട്ട് ശരീരമാകെ ആരോ മുളകരച്ചു പുരട്ടിയിരിക്കുകയാണെന്ന്. നീററലും പുകച്ചിലും, ഉടനെ ലക്കില്ലായ്മ. അതിൽ എല്ലാം മറന്നുപോകുന്നു. ഓമ്മവരുമ്പോൾ എന്താണ്? മുറിയുടെ നടുക്ക് തുറന്ന വാതലിന്നേരേ ചാരുകസേരയിൽ എഴുതിക്കൊണ്ടിരിക്കുന്നു.

കാററിൽ കുളർമ്മയുള്ള ഒരു സൗരഭ്യം തങ്ങിനില്പുണ്ടു്
മുല്ലയും റോസയും. ഇതിലൊരാനന്ദമുണ്ടു്. എന്നാൽ ഉ
ടനെ ഒരു ഞെട്ടൽ! വേദനയിലേക്കു് ഏകാഗ്രത ചെല്ലു
ന്നു. വിവരിക്കാൻ വയ്യ. ശ്വാസം മുട്ടുകയാണു്. ആകെ
ക്കൂടി സംഭ്രമം. അപ്പോഴം ഓർമ്മവരുന്നു. ഇതെല്ലാം
എങ്ങനെ സംഭവിച്ചു?

# 3

ഇന്നു് ഉണന്നപ്പോഴം വലിയ അസുഖം ഒന്നും ഇ
ല്ലായിരുന്നു. പക്ഷെ തലയ്ക്കു ലേശം ഘനം; വായ്ക്കു ശ
കലം കയ്പും. അത്ര വകവെച്ചില്ല. അല്ലെങ്കിൽ വക
വെച്ചു എന്നു പറഞ്ഞാൽ എന്താണത്ഥം? കക്കൂസിൽ
പോക്കു്, പല്ലുതേപ്പു്, കുളി—ഇത്രയും കഴിച്ചു. എൻെറ
ജീവിതത്തിൽ കുളി ഒരു പ്രധാന ചടങ്ങാണു്. എത്ര
മരിക്കാറായി കിടക്കുകയാണെങ്കിലും കുളിക്കണം. അതും
പച്ചവെള്ളത്തിലായിരിക്കണം. ചൂടുവെള്ളത്തിൽ കു
ളിച്ചാൽ, കുളിച്ചതായി തോന്നുകയില്ല. എൻെറ സൃ
ഷ്ടിയിൽ ചൂടു കുറെ അധികം ചേർന്നിരിക്കണം. അതു
കൊണ്ടു് എൻെറ തൊലിയും, മാംസവും, ഞരമ്പുകളും,
തലച്ചോറും, ഹൃദയവും, അസ്ഥികളും, അതിനുള്ളിലെ
മജ്ജയും—പച്ചവെള്ളംകൊണ്ടു് തണുക്കുന്നതു് എനിക്കി
ഷ്ടമാണു്. അതുകഴിഞ്ഞു് കൃത്യമായി ഒരു ചായകുടിക്ക
ണം. നല്ല കടുപ്പമുള്ള ചായ. അതുമാത്രം മതി. എന്നി
ട്ടൊരു സിഗററു്. സിഗററല്ലെങ്കിൽ ബീഡിയായാലും
മതി. അതുകഴിഞ്ഞു് വേണമെങ്കിൽ രണ്ടുമൂന്നുമണിക്കൂർ
എഴുതാം. ഇടയ്ക്കിടയ്ക്കു് കുറേശ്ശെ ചായയും ബീഡിയു

മുണ്ടെങ്കിൽ വളരെ നല്ലത്. പക്ഷേ ഈ സുഖസൗകര്യ ങ്ങൾ എവിടെ കിട്ടാനാണ്? ഞാൻ എഴുത്തുകാരനായതി നശേഷം......ഓ...എന്തിനതൊക്കെ വിവരിക്കുന്നു?

ഇന്നുകാലത്ത്, എന്നുവെച്ചാൽ ഉച്ചയ്ക്ക് ഉറക്കപ്പാ യിൽ നിന്നെണീററ് കുളി മുതലായവയൊക്കെ കഴിച്ചു. ഷേവുംചെയ്തു. എന്നിട്ടുഡ്രസ്സുചെയ്തു. പിന്നെ എന്തുണ്ടാ യി? അതെ: ഒരു ചെറിയ ചായയ്ക്ക് വല്ലവഴിയുമുണ്ടോ എന്നു നോക്കാനായി പുറത്തേക്കിറങ്ങാൻ ഭാവിച്ച പ്പോൾ——ഭൂമി ആകെ കുലുങ്ങിയതായും കെട്ടിടങ്ങൾ തക ന്ന് എൻെറ തലയിൽ വീണതായും എനിക്കു തോന്നി. പക്ഷെ ഭൂമി കുലുങ്ങിയില്ല; കെട്ടിടങ്ങൾ തകന്നുവീണു മില്ല. തലയ്ക്കകത്തൊരു മിന്നൽ! വയററിൽ ഒരു കൊള്ളു ത്തിപ്പിടുത്തം. ഞാൻ കുനിപ്പോയി. അങ്ങനെ ഞാൻ ഈ ചാരുകസേരയിൽ ഇരുന്നു. അപ്പോൾ എന്താ സംഭവി ച്ചത്? ഹൃദയം പറിയാൻപോകുന്നു! ഘനമുള്ള എന്തോ ഒന്ന് തൂങ്ങിക്കിടക്കുന്നതുപോലെ. മുൾക്കമ്പികളാണ്. അററത്ത് ഈയ്യത്തിൻെറ വലിയ ഒരുണ്ടയും. ഇതെങ്ങ നെ സംഭവിച്ചു?

ഓമ്മവന്നപ്പോൾ ചിരിവന്നു. കരയേണ്ട വിഷയ മാണ്. പക്ഷേ കരച്ചിൽ നിത്തിയിട്ടു കുറേക്കാലമായി. എന്തിനു കരയുന്നു? ഒന്നാമത് ഈ യുദ്ധം; രണ്ടാമത് ഈ ക്ഷാമം. എന്നാലും കരയാം. പക്ഷെ കണ്ണുനീർതുട ച്ച് ആശ്വസിപ്പിക്കാനാരുണ്ട്? അപ്പോൾ ചിരിക്കയാ ണോവേണ്ടത്? എന്തോ, അറിഞ്ഞുകൂടാ. സംശയമുള്ളതു കൊണ്ട് കണ്ണുനീരുവരാൻ തുടങ്ങുമ്പോൾ ഞാൻ ചിരിച്ചു

പോകുന്നു. ഇടയ്ക്കൊരു പരിഭ്രമവുമുണ്ട്. ഇതെഴുതിത്തീരുംമുമ്പെ ഞാനും........

*　　　*　　　*

അതെ, ഇന്നലെ തീയതി എത്രയായിരുന്നു? ഞാൻ 'ഇന്നലെ' എന്നു പറയുന്നത് കോടാനുകോടിവർഷങ്ങളിൽ ലയിച്ചുപോയ 'ഇന്നലെ'യെപ്പററിയാണ്. എന്താ ചെയ്യുക? ഇങ്ങനെ തോന്നുന്നു. മേയ്മാസം പതിനേഴാം തീയതി എന്നു വിചാരിക്കുക. കൊല്ലം ആയിരത്തിത്തൊള്ളായിരത്തി.....അതോ രണ്ടായിരത്തിത്തൊള്ളായിരത്തിയോ? പതിനാറാണോ? അതോ നാല്പത്തിരണ്ടോ? ഒരുപക്ഷേ അൻപത്തിരണ്ടായിരിക്കാം. കുഞ്ഞമ്മയോട്ട് ഞാൻ അൻപത്തിരണ്ടെന്നു പറഞ്ഞിട്ടുമുണ്ട്. അപ്പോൾ? ശരി, എൻെറ വയസ്സിനെപ്പററിയാണ്. ഇന്നലെ അദ്ദേഹം എൻെറ വയസ്സു ചോദിച്ചില്ല. ആ സ്വർണ്ണപ്പല്ലുകൾ! — എന്താ പറയുക? അതുകൾക്കൊരു സ്വയംപ്രകാശമുണ്ട്: സദാ ചിരിക്കുന്നതുപോലെ. ഞാൻ വിചാരിച്ചു. അദ്ദേഹത്തെ കൊന്നുകഴിഞ്ഞിട്ട് ആ പല്ലുകൾ എന്തുചെയ്യണം? അതോടുകൂടി അദ്ദേഹത്തെ കുഴിച്ചുമൂടുന്നതു ശരിയാണോ?

ഇപ്പോൾ ഒരു സുഖം തോന്നുന്നുണ്ട്! സുഖമുണ്ടായിട്ടല്ല. നാട്ടുനടപ്പിനനുസരിച്ച് സുഖമാണെന്നു പറയുന്നു എന്നുമാത്രം. അതായത് ഞാൻ എന്നോട് ഒരു പച്ചക്കള്ളം പറഞ്ഞു എന്നർത്ഥം: എന്താ ചെയ്യുക? എങ്കിലും കഥ തുടരാം: അതു പറഞ്ഞുതീരുംമുമ്പെ ഞാനും വല്ലതും വന്നുപോയെങ്കിൽ ഒരു പ്രധാനകാര്യം ഇവിടെ രേഖപ്പെടുത്തട്ടെ.

കുഞ്ഞമ്മക്ക് എന്തെങ്കിലും കൊടുത്താൽ കൊള്ളാമെന്ന് എനിക്കാഗ്രഹമുണ്ട്. പൂച്ചട്ടികൾ നാലും അവൾക്ക്. ഷെൽഫിലുള്ള പുസ്തകങ്ങളും അവൾ എടുത്തോട്ടെ. എൻെറ പെട്ടിയും കിടക്കയും, പെട്ടിക്കകത്ത് ഞാൻ എഴുതിവച്ചിരിക്കുന്ന നോവലും, എന്നെ മറവുചെയ്യുന്നവർ എടുക്കുന്നതിൽ എനിക്കു വിരോധമില്ല. ഈ ചാരുകസേരയും സ്ററൂളും ഈ കെട്ടിടത്തിൻെറ ഉടമസ്ഥനു കൊടുക്കാൻ വിചാരിക്കുന്നു. ഞാൻ എഴുതുന്ന ഈ പേന—ഇതു് ആർക്കും കൊടുക്കാൻ ഇപ്പോൾ ഇഷ്ടം തോന്നുന്നില്ല. ഇതു് എൻെറകൂടെ മറവുചെയ്യണം! എൻെറ ശരീരം ജലത്തിൽ ഒഴുക്കുകയോ, ഭൂമിയിൽ കുഴിച്ചിടുകയോ തീയിൽ ദഹിപ്പിക്കുകയോ ചെയ്യാം—ഹമ്മോ!......എൻെറ കണ്ണേതോ ഭയങ്കരവെളിച്ചത്തിലേക്ക് നോക്കിയതുപോലെ. കാലിൻെറ പെരുവിരലുകളുടെ ഉള്ളിലൂടെ ഞരമ്പുകൾവഴി രണ്ടു കൊളുത്തുകൾ ഹൃദയത്തിൽ...... ഞാൻ...ഞാൻ വളഞ്ഞു ചുരുണ്ടുപോകുന്നു. എനിക്കു നിവരാൻ വയ്യ. നിവന്നാൽ ഉണങ്ങിയ കമ്പുപോലെ, ഞാൻ ഒടിഞ്ഞുവീണുപോയേക്കും. പതുക്കെ ഒന്നു നിവർന്നുനോക്കിയാലോ?

* * *

ഞാൻ പരീക്ഷിച്ചു. സാദ്ധ്യമല്ല. എൻെറ എല്ലാ ഞരമ്പുകളും പടപടാ പൊട്ടിയേയ്ക്കും. അങ്ങനെവന്നാൽ ഞാൻ ഈ എഴുതുന്നതു് പൂർത്തിയാവുകയില്ല. എന്തിനെഴുതുന്നു? ഈ തരം എഴുതീട്ടില്ലേ? ഇതുവേണമെങ്കിൽ വേറെയാരുടെയെങ്കിലും കഥയായി എനിക്ക് എഴുതാൻ ക

ഴിയും. പക്ഷേ സത്യം ഇങ്ങനെയാണ്. കുറെ അധികം കാലമായിട്ട് ഞാൻ നിരാഹാരവ്രതം അനുഷ്ഠിക്കുകയായിരുന്നു. ഇതൊരു പുതിയ വാത്തയല്ല. മുമ്പും ഞാൻ നിരാഹാരവ്രതം അനുഷ്ഠിച്ചിട്ടുണ്ട്. അഞ്ചുപ്രാവശ്യം. നാലെണ്ണവും വളരെ വർഷങ്ങൾക്കു മുമ്പാണ്. ആദ്യത്തേതു്— അന്നെനിക്കേതാണ്ട് പതിനെട്ടു വയസ്സു കാണും. നല്ല തൻേറടവും ആദർശശുദ്ധിയുമുള്ള ഒരു യുവാവായിരുന്നു. മനുഷ്യരെ നന്നാക്കാൻ മുന്നിട്ടിറങ്ങിയവരിൽ ഒരാൾ എന്നത്ഥം. അന്നൊക്കെ എന്നെപ്പോലെ വളരെപ്പേരുണ്ടായിരുന്നു. യുവാക്കന്മാരും യുവതികളും. ഞങ്ങൾക്കു പ്രത്യേക കാര്യപരിപാടി ഒന്നും ഉണ്ടായിരുന്നില്ല. നേതൃത്വം നൽകിയവക്കുണ്ടായിരുന്നു. വ്യക്തങ്ങളും അവ്യക്തങ്ങളുമായവ. വ്യക്തങ്ങളായവയിൽ ഒന്ന്, മദ്യം വിഷമാണ്! മദ്യം ഉണ്ടാക്കി ജീവിതമാഗ്ഗം നേടുന്ന ഒരു വലിയ ജനവിഭാഗം ജനങ്ങളുണ്ടല്ലോ. അവരുടെ പിഴപ്പു മുട്ടിക്കുന്നതു ശരിയാണോ? ആയതിനാൽ മദ്യപാനംചെയ്യുന്നവരുടെ മനസ്സ് തിരിക്കുക. മദ്യഷാപ്പുകൾ പിക്കററുചെയ്യുക. ഞാൻ അന്ന് ഒരു വളൻറിയർ ക്യാപ്ററനാണ്. അനേകം മദ്യഷാപ്പുകളിലേക്ക് സന്നദ്ധഭടന്മാരെ നയിക്കണം. മതസംബന്ധമായ ഒരു ചടങ്ങുപോലെ ദയനീയമായ സ്വരത്തിൽ കുടിയന്മാരോട്ട് ഞങ്ങൾ പറയും: "സഹോദരാ; വിഷമാണതു്!" അതിനുപുറമേ ഇടയ്ക്കിടയ്ക്കു് നേതാക്കന്മാക്കു 'ജേ!' വിളികളുമുണ്ട്. അങ്ങനെ ഞാനൊരു പ്രധാനപ്പെട്ട മദ്യഷാപ്പിൻെറ മുമ്പിൽ പിക്കററുചെയ്യുകയായിരുന്നു. ഒരു മദ്യപൻ, രുചിച്ചുനോക്കിയിട്ട് അഭിപ്രായം പറയാനോ എന്തോ, ഒരു കുപ്പിയെ

ട്ടത്ത് എന്റെ അടുത്തേക്കെറിഞ്ഞു. അത് എന്റെ കാലിന്റെ കണ്ണയിലാണ് കൊണ്ടത്. കുപ്പിയുടഞ്ഞ് ഒരു ചില്ല് കാലിൽകയറി. വളരെ ചോരപോയി. മുറി വുണങ്ങാൻ വളരെക്കാലംപിടിച്ചു. അതിന്റെ പാട് ഇ ന്നും എന്റെ വലതുകാലിന്റെ കണ്ണയിലുണ്ട്. അന്നു ഞാൻ നാലുദിവസം നിരാഹാരവ്രതം അനുഷ്ഠിച്ചു. പ ബ്ളിക്കുറോഡിൽ ആ ഷാപ്പിന്റെ മുൻവശത്ത്. അ ന്ന് എന്നെക്കാണ്മാൻ വളരെ ജനങ്ങൾ കൂടിയിരുന്നു. രണ്ടാമത്തെ നിരാഹാരവ്രതം ഒരു പോലീസുകാരന്റെ മനസ്സ നന്നാക്കാനായിരുന്നു.

## 4

അന്നു ഞങ്ങൾ പതിന്നാലുപേർ ഒരുമിച്ച് പോ ലീസുലോക്കപ്പിൽകിടന്ന് എട്ടുദിവസം നിരാഹാരവ്ര തം അനുഷ്ഠിച്ചു. കാരണം, ഒരു സ്ത്രീ വാളൻറിയറാണ്. അവളെ പോലീസുകാരൻ ലോക്കപ്പുമുറിയിൽവെച്ച് ബ ലാൽസംഗം ചെയ്യാൻ മുതിന്നു. മൂന്നാമത്തേത് ജയിലിൽ വെച്ചാണ്. ഗവമ്മെൻറിന്റെ മനസ്സ നന്നാക്കാനാ ണ്. അന്നു ഞങ്ങൾ അറുനൂറുപേർ ഒരുമിച്ച് മൂന്നുദിവ സത്തേയ്ക്ക് നിരാഹാരവ്രതമനുഷ്ഠിച്ചു. കാരണം, ഒരു വി പ്ലവകാരിയെ ഗവമ്മെൻറ് തൂക്കിക്കൊന്നു. ഇനി നാലാ മത്തേതല്ലേ?

*   *   *

അതിലൊരു രസമുണ്ട്! മരണംവരെയാണ് നിരാ ഹാരവ്രതം! ഒന്നുകിൽ എന്നെ മോചിപ്പിക്കുക; അല്ലെ ങ്കിൽ എന്റെ കേസ്സെടുക്കുക, രണ്ടും ചെയ്യാതെ എന്നെ ചുമ്മാ പോലീസുലോക്കപ്പിൽ ഇട്ടിരിക്കയാണ്. ഞാൻ

തനിച്ചേയുള്ളു. നേതാക്കന്മാരെല്ലാം എന്നെ കൈവെടിഞ്ഞിരിക്കുന്നു. എന്താ കാരണം? ഞാനൊരു സാഹിത്യകാരനായിത്തീന്നിരിക്കുന്നു! തന്നെയുമോ, ഗവമ്മെൻറിനേയും നേതാക്കന്മാരേയും നല്ല കണക്കിനു ചീത്ത പറഞ്ഞു് ഒരു നാടകം എഴുതി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. നേതാക്കന്മാരും ഗവമ്മെൻറും രണ്ടുചേരിയിലാണ്. ഗവമ്മെൻറിൻെറ കുററം ഞാൻ നേതാക്കന്മാരിലും കണ്ടു. ജനങ്ങളുടെ കാര്യം പറയാനെന്നപേരിൽ, അതായതു് ജനങ്ങളുടെ സമരം നയിക്കുന്നു എന്ന പേരിൽ ജനങ്ങളുടെ പണം പിരിച്ചു് നേതാക്കന്മാർ സുഖമായി ജീവിക്കുന്നു. ഒന്നും ചെയ്യുന്നില്ല. ചുമ്മാ പ്രസ്താവനകൾ ഇറക്കുന്നു എന്നുമാത്രം. (നേതാക്കന്മാരേപ്പററി എനിക്കു വളരെ പറയാനുണ്ടു്. ഓരോന്നിനേയും എനിക്കു നന്നായി അറിയാം. ഏതായാലും അതിനിപ്പോൾ സമയമില്ല.) എന്നാൽ ഗവമ്മെൻറു വിടുമോ? എന്നെ നന്നായി ഞെരുക്കി. ആത്മഹത്യ ചെയ്തുകളയാം, എന്നുവരെ എനിക്കു തോന്നി. എന്താണെന്നുവച്ചാൽ, അത്രയ്ക്കു് പരമാനന്ദമായിരുന്നു. പോലീസ്‌ലോക്കപ്പിൽ. എന്നിട്ടെന്തായി എന്നല്ലേ? ഇടയ്ക്കു് ഞാൻ വേറൊരു തമാശ പറയാം: ഇതുവരെ ജീവിതം നിങ്ങളെ എന്തുപഠിപ്പിച്ചു?

* * *

ഇതുവരെ ജീവിതം എന്നെ എന്താണ് പഠിപ്പിച്ചതു്? അല്ലെങ്കിൽ, ജീവിതത്തിൽനിന്ന് ഇതുവരെ ഞാൻ എന്തുപഠിച്ചു? ഞാൻ പറയുന്നതൊന്നും കാര്യമായി നിങ്ങൾ എടുക്കരുതു്. ചുരുക്കത്തിൽ എൻെറ കണ്ണു

കളിലൂടെ ലോകത്തെ നോക്കരുതെന്നാൎത്ഥം. എന്താണെ ന്നുവച്ചാൽ, എൻെറ അനുഭവമായിരിക്കുകയില്ല നിങ്ങളു ടേതു്. ഈ ഭൂഗോളം വളരെ വലുതാണല്ലോ; ഇതിലേതാ ണ്ടു് ഇരുന്തൂറുകോടിയിലധികം ജനങ്ങളുണ്ടെന്നു കേൾക്കു ന്നു. ഇതിൽ ഒരാളാണു ഞാൻ. ഇങ്ങനെയിരിക്കെ, എ നിക്കു് കുറെ അനുഭവങ്ങളുണ്ടു്. ജനങ്ങളുമായി ഞാൻ ഇട പഴകിയിട്ടുമുണ്ടു്. ഞാൻ ജനങ്ങളെ തരംതിരിക്കുന്ന തെങ്ങിനെയെന്നോ? ഭൂലോകത്തിൽ ആകെക്കൂടി നൂറു പേരേ ഉള്ളെന്നു് വിചാരിയ്ക്കൂ. ആണും പെണ്ണും. ഇതിൽ:

| | | | |
|---|---|---|---|
| തനിവിഡ്ഢികൾ | ... | ... | 55 |
| ഭയങ്കര ക്രൂരതയുള്ളവർ | | ... | 20 |
| വഞ്ചകർ | ... | ... | 15 |
| മടിയുള്ളവർ | ... | ... | 9 |
| നല്ലവർ | ... | ... | 1 |

ഇങ്ങനെ വരുമ്പോൾ നിങ്ങൾ ഏതിനത്തിൽപ്പെ ട്ടും. ഇഷ്ടമുള്ള കള്ളിയിൽ നിന്നുകൊള്ളുക. നിങ്ങളിൽ വിഡ്ഢിത്തമുണ്ടോ? ക്രൂരത? വഞ്ചകത്വം? മടി? നന്മ?

* * *

പക്ഷെ, ലോകത്തിൽ ആകെയുള്ളതു് നൂറുപേര ല്ലല്ലോ. എന്നാലും നിങ്ങൾ ഏതെങ്കിലും ഒരിനത്തിൽ പ്പെട്ടും, എന്നെ നിങ്ങൾ ഏതിനത്തിലാണു് പെടുത്തു ക? ഒന്നുള്ളതു്, എന്നിൽ മേല്പറഞ്ഞതെല്ലാമുണ്ടു്: വിഡ്ഢി ത്വം, ക്രൂരത, വഞ്ചന, മടി, നന്മ. ഇത്രയും വെച്ചുകൊ ണ്ടു് ജീവിതം എന്നെ എന്താണു് പഠിപ്പിച്ചതു്? എൻെറ

അഞ്ചാമത്തെ നിരാഹാരവ്രതത്തെപ്പററി പറയുന്നതിനു മുമ്പ് ഈ ചോദ്യത്തിനുള്ള സമാധാനം രേഖപ്പെടുത്തിക്കളയാം.

* * *

ജീവിതം ഇതുവരെ എന്നെ എന്താണു പഠിപ്പിച്ചതെന്ന് ചോദിച്ചാൽ......ഈ ലോകത്തിലെ ഒരു മനുഷ്യനെന്ന നിലയ്ക്ക്......ഒരു കലാകാരനെന്ന നിലയ്ക്ക് ഇതുവരെ ജീവിതം എന്നെ എന്താണു പഠിപ്പിച്ചത്? എൻെറ കൃതികൾക്കകത്തുള്ള ഞാനും അതിനു വെളിയിലുള്ള ഞാനും......ഞാൻ പറഞ്ഞുവരുന്നത്... അല്ലെങ്കിൽ ഞാൻ പറയാൻ പോകുന്നത്......ഈ മഹാപ്രപഞ്ചവും—ഞാനും......ഈ നിലയ്ക്കു വേണമല്ലോ പറയാൻ?

അനേകം കോടി വർഷങ്ങളായി, ഈ ഭൂമുഖത്ത് മനുഷ്യസമുദായമുണ്ടായിട്ട് എന്നു വിചാരിക്കുക. മനുഷ്യസമുദായത്തിനു മുമ്പുതന്നെ ഈ ഭൂമിയിൽ ജീവിതം ഉണ്ടായിരുന്നു. ഇപ്പോഴും മനുഷ്യസമുദായത്തെ കൂടാതെ വേറെ പലതും ഉണ്ടിവിടെ. ജീവിതം എന്നാക്കിൽ അണുക്കളേയും പുഴുക്കളേയും കൃമികളേയുംപെടുത്താമോ? പാടില്ലെങ്കിൽ മൃഗങ്ങളേയും പക്ഷികളേയും ഇഴജന്തുക്കളേയും വൃക്ഷങ്ങളേയും മാററിനിർത്തേണ്ടി വരും. വെള്ളം, വായു, ഭൂമി, ഇതിലുള്ള ജീവിതത്തെ, അതായത് മനുഷ്യസമുദായം ഒഴികെയുള്ളതിനെയെല്ലാം ഓർത്തുകൊണ്ടുവേണമോ, അതോ മറന്നുകൊണ്ടോ? മറന്നിട്ടാണെങ്കിൽവേറെയുമുണ്ട്. നിങ്ങളും ഞാനും മററു എല്ലാംതന്നെ,എങ്ങോ

ട്ടേയ്ക്കോ പാഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്ന അന്ധകടാഹത്തിലെ കറങ്ങുന്ന ഒരുധൂളിയായ ഭൂഗോളത്തിൻെറ മുകളിലാണെന്നും മറക്കേണ്ടിയിരിക്കുന്നു. സൂൎയ്യചന്ദ്രന്മാരെയും നക്ഷത്രങ്ങളേയും, ഭൂഗോളത്തേയും, നിങ്ങളേയും, എന്നേയും, മററു് എല്ലാററിനേയും സൃഷ്ടിച്ച ഒരു ഈശ്വരൻ ഉണ്ടെന്നും ഇല്ലെന്നും ഉള്ള അഭിപ്രായങ്ങളേയും മറക്കുക. ഒന്നിൻേറയും സൃഷ്ടിയുടെ ഉദ്ദേശം, അല്ലെങ്കിൽ ഉണ്ടായതിൻെറ കാരണം, നമുക്കു അറിഞ്ഞുക്രുടായെന്നും നാം അറിയുവാൻ ശ്രമിച്ചുകൊണ്ടിരിക്കയാണെന്നും ഉള്ള വസ്തുതയും മറക്കുക. ഒന്നും സ്വയം നശിക്കാൻ ഇഷ്ടപ്പെടുന്നില്ലെന്നും......എങ്കിലും നശിക്കാത്തതായി ഒന്നും ഇല്ലെന്നുമുള്ള സംഗതിയും മറക്കുക. ചുരുക്കത്തിൽ, നിങ്ങളും ഞാനും എന്തിന്......ഈ ഭൂലോകംതന്നെ സദാ മരണത്തിൻെറ നിഴലിലാണെന്നും ഉള്ള സത്യവും മറക്കുക. എന്നാലും നമ്മൾ ധീരരാണ്. നമ്മൾ ഈ ഭൂലോകത്തെ ഒരു വസന്താരാമമായി മാററാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇവിടം മനോഹരങ്ങളായഗാനങ്ങളാൽ മുഖരിതമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ ഭൂഗോളവും നക്ഷത്രങ്ങളും എല്ലാംതന്നെ മനുഷ്യസമുദായത്തിൻെറ കുടുംബസ്വത്തായിത്തീൎന്നിരിക്കുന്നു.

നമ്മൾ ജീവിതമെന്നു പറയുന്ന-വേണ്ട...നമ്മൾ മഹനീയവിഭാഗമാണ്. ഇത്രയും മറന്നുകൊണ്ടു് അല്ലങ്കിൽ ഓൎത്തുകൊണ്ടുതന്നെ വേണമല്ലോ ജീവിതം ഇതുവരെ എന്താണ് പഠിപ്പിച്ചതെന്നു പറയുക?

ജീവിതമെന്നു പറയുന്ന അത്ഭുതകരമായ ഈ കഴി

യലിൽ എല്ലാ ജീവിതത്തേയും പൊതുവേ നോക്കു മ്പോഠം...ഇതിൽ അങ്ങേഅററത്തെ വിഡ്ഡിത്തമുണ്ട്: ഉഗ്രമായ ക്രൂരതയുണ്ട്. കൊടിയ വിദ്വേഷമുണ്ട്. വല്ലാത്ത കാപട്യമുണ്ട്. അപാരമായ സ്നേഹവും, ദിവ്യമായ ത്യാഗവും......ഈ ഭാവത്തിൽ കുറെ അങ്ങു പറയാം. എല്ലാം ജീവിതമെന്നെ പഠിപ്പിച്ചതാണെന്നും പറയാം. ജീവിതം തന്നെ നിങ്ങളാണെന്നു പറയാം. അല്ലെങ്കിൽ ഞാനാണെന്നു പറയാം. എന്നാൽ ഒന്നുണ്ട്. ജീവിതം. ആകെക്കൂടി എന്താണെന്നും എന്തിനായിക്കൊണ്ടുള്ളതാണെന്നും—അല്ലെങ്കിൽ അതെന്തിന്? ചോദ്യത്തിൽ അതില്ലല്ലൊ. ഇനിയും അറിയണമെങ്കിൽ എൻെറ എല്ലാ കൃതികളും വായിക്കുക. എന്താണെന്നുവെച്ചാൽ അവ എല്ലാം നിരത്തിവെച്ചിട്ട് എല്ലാററിനുംകൂടി ഒരു പേരിടുകയാണെങ്കിൽ, അതെന്തായിരിക്കുമെന്നോ?......ജീവിതം ഇതുവരെ എന്നെ എന്തുപഠിപ്പിച്ചു?

## 5

അപ്പോഠം ഞാൻ പറഞ്ഞുവന്നത്...? അതെ... അഞ്ചാമത്തെ നിരാഹാരവ്രതം അതിൽ ഒരു രസമുണ്ട്. അതെന്താണെന്നു പറയുന്നതിനുമുമ്പ് നാലാമത്തേതിനേപ്പററിരണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ.

നാലാമത്തെ നിരാഹാരവ്രതം പന്ത്രണ്ടുദിവസം. അപ്പോഴത്തേയ്ക്കും എൻെറ കേസ്സെടുക്കാമെന്നു പറഞ്ഞു. കേസും എടുത്തു. ദീർഘമായ കാലത്തേയ്ക്ക് കഠിനതടവുശിക്ഷയും കിട്ടി. ഇന്നത്തെ നിലവെച്ചു നോക്കുമ്പോഠം

ജയിൽത്തന്നെയല്ല ജയിൽ. പൊതുവിൽ മനുഷ്യസമുദായത്തിന്ന് എന്തോ സുഖക്കേട് പിടിച്ചിട്ടുണ്ട്. ഞാൻ പറയുന്നത് യുദ്ധത്തെപ്പററിയാണ്. ഇതുവരെയുണ്ടായ ഓരോ യുദ്ധവും 'അവസാനയുദ്ധ'മായിരുന്നു. ഇതും അങ്ങനെ 'അവസാനയുദ്ധ'മാണ്. ഇന്ന് ലോകത്തിലുള്ളവർ, അതായത് യുദ്ധത്തിൽ മരിച്ചവരും, മററുവിധത്തിൽ മരിച്ചവരും ഒഴികെ ബക്കിയുള്ളവർ—എല്ലാവരും കൂടി ഒരു കൃത്യസമയത്തു ഒന്നു പൊട്ടിച്ചിരിക്കാൻ വിചാരിക്കുകയാണെങ്കിൽ......അതിനുള്ള ശുഭമുഹൂർത്തമിപ്പോഴാണെങ്കിൽ......എന്റെ സുഹൃത്തേ ഞാൻ അതിൽ ചേരുകയില്ല. എന്താണെന്നോ. ഞാൻ പൊട്ടിച്ചിരിച്ചാൽ വലിയ കുഴപ്പമുണ്ട്. അതുകൊണ്ട് ഞാൻ പതുക്കെ മന്ദഹസിക്കാം. എന്താണെന്നുവെച്ചാൽ എന്റെ വയറു നിറയെ കൂർത്ത കരിങ്കൽക്കഷണങ്ങൾ ഉള്ളതുപോലെ, ഹൃദയത്തിന്റെ ഞെട്ടിന് ഒരു കുടുക്കിട്ടു മുറുക്കുന്നതുപോലെ. ഈ സമയത്ത് കുഞ്ഞമ്മ വന്നെങ്കിൽ......അവളിക്കഥ അറിഞ്ഞാൽ എന്തു പറയുമോ ആവോ! എ,ന്റെ ആ ആരാധകൻ, തൊഴിലാളിനേതാവ്, സിനിമാനടൻ, നർത്തകി അവരൊക്കെ എന്തുപറയും? കഥ മുഴുവനും വായിച്ചുകഴിയുമ്പോൾ നിങ്ങളും എന്താ പറയുക?

* * *

ഞാൻ പറഞ്ഞില്ലേ, കുറേ അധികം കാലമായി ഞാൻ നിരാഹാരവ്രതം അനുഷ്ഠിക്കുകയായിരുന്നു. മററു നാലു നിരാഹാരവ്രതങ്ങളും ഈ അഞ്ചാമത്തേതും തമ്മിൽ ഒരു ലേശം വ്യത്യാസമുണ്ട്. നാലെണ്ണത്തിന്റെ

യും പിന്നിൽ ഒരുദ്ദേശമുണ്ടായിരുന്നു. കഴിക്കുകയില്ല എന്ന വാശിയും ഉണ്ടായിരുന്നു. ഇതിന്റെ പിന്നിൽ ഒന്നുമില്ല, നിരാഹാരവ്രതത്തിനുവേണ്ടി നിരാഹാരവ്രതം! ഇതും ശരിയല്ല. ദിവസത്തിൽ അരക്കുപ്പിപ്പാലുകുടിക്കും. വല്ലപ്പോഴും ഒരു ചെറിയ ചായ. ആകെക്കൂടി ഒരു പേപിടിച്ച മട്ടുതോന്നും, ആഹാരത്തിന്റെ കാൎയ്യം ഓൎക്കില്ല എന്നു ഞാൻ ശാഠ്യം പിടിച്ചു. എന്നാലും ഓൎത്തുപോകും. അപ്പോഴും ഒരു ഭ്രാന്തുമാതിരിയാണ്. എന്താ ചെയ്യുക? വല്ല കൃമിയോ, ഇഴജന്തുവോ, മത്സ്യമോ, മൃഗമോ പക്ഷിയോ ആയിരുന്നുവെങ്കിൽ...... അതെ: ഒരു പക്ഷിയായിരുന്നെങ്കിൽ......പക്ഷേ, മനുഷ്യനാണ്. ഇതൊരു വലിയ അന്തസ്സായി കരുതണമല്ലോ? അതൊക്കെ പോകട്ടെ. കുറെ അധികം ദിവസമായിട്ട് ഞാനൊരു വലിയ നോവൽ എഴുതുകയായിരുന്നു. എഴുതുകയായിരുന്നു എന്നു പറഞ്ഞാൽ എഴുതിക്കഴിഞ്ഞു എന്നൎത്ഥം. ഞാനതു ചെറുതാക്കുകയായിരുന്നു. വലുതാക്കുകയല്ല, ചെറുതാക്കുക എന്നൎത്ഥം. അങ്ങനെ വീണ്ടും പകൎത്തി എഴുതുകയാണ്. നാലുമണിവരെ എഴുതും. അപ്പോഴത്തേയ്ക്കു കുഞ്ഞമ്മ അരക്കുപ്പി പാലുമായിവരും. പിന്നെ സൈ്വരമുണ്ടോ?

* * *

അവൾക്ക് എന്നോട്ട് വൎത്തമാനം പറയണം. പൂച്ച പെററതു്; മദ്യപിച്ച പട്ടാളക്കാർ സ്ത്രീകളെ പട്ടാപ്പകൽ കടന്നു പിടിക്കുന്നതു്; പിന്നെ അരി കിട്ടാനില്ലാത്തതു്. അതു കഴിഞ്ഞു്, ചോദിക്കും ഞാൻ കൊടുക്കാനുള്ള പണം എന്താ കൊടുക്കാത്തതു്? ഞാൻ ഒന്നും മിണ്ടു

കില്ല. അവൾ ഒരു കൊച്ചു പക്ഷിയേപ്പോലെ ചില യ്ക്കും. എല്ലാം മറന്ന് പ്രസ്സം കലശലാവും:

"കാശ്താ, കാശ്താ!"

ഞാൻ പറയും:

"ഏടീ നിന്നെ ഞാൻ കെട്ടിക്കോളാമെന്നു പറഞ്ഞിട്ടില്ലേ?"

അവൾ ചോദിക്കും:

"അടിച്ചുകൊല്ലാനാ?"

ഞാൻ പറയും:

"അതെ. നിൻെറ അപ്പൻ നിൻെറ അമ്മച്ചിയെ അടിച്ചുകൊല്ലാറുണ്ടോ?"

കുഞ്ഞമ്മ പറയും:

"അപ്പച്ചൻ അമ്മച്ചിയെ തല്ലും. അപ്പോ അമ്മച്ചി പറയും, ദൈവംതമ്പുരാൻ ഇതെല്ലാം കാണുന്നൊണ്ട്!"

"അപ്പോൾ അപ്പച്ചൻ എന്തു പറയും?"

"ആവൊ!" കുഞ്ഞമ്മയ്ക്കു ദേഷ്യം വന്നുകഴിഞ്ഞു: "കാശ്താ. അപ്പച്ചൻ പറഞ്ഞു, കാശ് മേടിച്ചോണ്ട് ചെല്ലണോന്ന്!"

"ആട്ടെ മോളേ, നീ പൊയ്ക്കോ, നാളെത്തരാം."

"നാലേം മിനിഞ്ഞാന്നും—ദിവസോം പറേം, മോളേ നാളെത്തരാം, പൊക്കൊ!"

ഞാൻ പറയും:

"എൻെറ ചിന്ത; നാളെ തീർച്ച!"

കുഞ്ഞമ്മയ്ക്ക് ദേഷ്യംവരാതിരിക്കുമോ? അവൾ വിറച്ചുകൊണ്ടു പറയും:

"കുഞ്ഞമ്മേന്നല്ലേ എന്റെ പേര്?"

ഞാൻ പറയും:

"മറന്നുപോയി മോളേ."

"ദിവസോം മറക്കും!"

"ഇനി മറക്കൂല്ല കുഞ്ഞമ്മ, കുഞ്ഞമ്മ, കുഞ്ഞമ്മ! ഇനി മറക്കൂല്ല.!"

അതു മതിയോ? കുഞ്ഞമ്മ ചോദിക്കും:

"ചിന്ന ഏതാ?"

ഒരു പഴയ ചിന്ന ഇടയ്ക്കുവരുന്നതു് നല്ലതാണ്. കുഞ്ഞമ്മയുടേയും എന്റേയും മദ്ധ്യേ ഏതു ചിന്ന വന്നാലും കുഞ്ഞമ്മയ്ക്കു് ഇഷ്ടമാവുകയില്ല. പശു ആണെങ്കിലും ഞാൻ പറയും:

"നാളെ പറയാം!"

"ഇന്നു പറഞ്ഞാലെന്താ? അവളുടെ കയ്യിലെ വള ഊരിപ്പോകുവോ?"

ഞാൻ അല്പം ഗൌരവത്തോടെ പറയും:

"നീ'അവൾ' എന്നു ചിന്നവെ പറയാൻപാടില്ല."

"പിന്നെ തമ്പുരാട്ടി എന്നു പറയണോ?"

ഞാൻ മിണ്ടിയില്ല.

കുഞ്ഞമ്മ കരയുന്നമട്ടിൽ പറഞ്ഞു:

"കാശ്താ."

ഞാൻ പറഞ്ഞു:

"നിന്നെ ഞാൻ കെട്ടാമെന്നു പറഞ്ഞില്ലേ?"

"നാളെ മുതല് ഞാൻ പാലു കൊണ്ടുവരുന്നില്ലെങ്കിലോ!"

"വളരെ സന്തോഷം. പിന്നെ വേറെ എന്തെല്ലാമാണ് വിശേഷങ്ങൾ?"

*   *   *

കുഞ്ഞമ്മ ഒന്നും പറയാതെ ദേഷ്യപ്പെട്ട് പോയി. ഞാൻ പഞ്ചസാരകൂടാതെ പാലു കുടിച്ചു. ഇഷ്ടമായിട്ടല്ല. പഞ്ചസാര ഇല്ലാത്തതുകൊണ്ട്. 'നാട്ടിലെ പഞ്ചസാര എവിടെ?' എന്ന ഒന്നോ രണ്ടോ മുദ്രാവാക്യം മുഴക്കാം. അല്ലെങ്കിൽ. കുഞ്ഞമ്മയേപ്പോലെ 'യുദ്ധത്തിനെന്തിനാപഞ്ചസാര?' എന്നുംചോദിക്കാം. ഏതായാലും പഞ്ചസാരഇല്ലാതെ പാലുംകുടിച്ച് ഞാൻ നടക്കാൻ ഇറങ്ങും. ഒന്നും കാണാനല്ല. ചുമ്മാ നടക്കാൻ.

*   *   *

കടകളും അധികവും പൂട്ടിത്തന്നെ കിടക്കുന്നു. ആൾസഞ്ചാരം അധികമില്ല. ഉള്ളവരിൽ അധികവും പാട്ടാളക്കാരാണ്. അതു കഴിഞ്ഞാൽപിന്നെ യാചകർ. ആൾതാമസമില്ലാത്ത വീടുകളുടെ മുമ്പിൽ അവർ താവളമുറപ്പിച്ചിരിക്കയാണ്, എല്ലാ വീടുകളിലും ബോർഡുതൂങ്ങുന്നുണ്ട്: 'വാടകയ്ക്കു കൊടുപ്പാൻ'.....ആർക്ക്? അങ്ങനെ ഞാൻ ഓരോന്നിൻെറയും മുമ്പിൽനിന്ന് സംശയിക്കും. ടൗണിലൊക്കെയും ഒരു നിശ്ശബ്ദത. പാർക്കിലും അതുതന്നെ. അവിടെ ഒരു പ്രതീക്ഷയുണ്ട്. വിരിഞ്ഞു കുലകുലയായി നിൽക്കുന്ന പൂക്കളും ഒഴിഞ്ഞു നിരന്നുകിടക്കുന്ന ബഞ്ചുകളും. പാർക്കിൽ പുരുഷന്മാരേക്കാൾ അധികം സ്ത്രീകളാണ്. സന്ധ്യകഴിഞ്ഞാലും അവർ പാർക്കിൽനിന്ന് പോവുകയില്ല. അതിന് കാരണവുമുണ്ട്: സന്ധ്യയാകു

മ്പോറം പട്ടാളക്കാർ പാക്കിൽ വരും. അപ്പോറം റേഡി യോപാട്ടുതുടങ്ങും, പിന്നെ നെടുവീപ്പുകറം......ഗൽ ഗ്ഗദങ്ങറം......ശിഞ്ജരീമഞ്ജീതങ്ങറം......ഹോ, എനി ക്കു വയ്യ! നാവിറങ്ങിപ്പോകുന്നു. കേട്ടോ. ദേഹം തളരുക യാണു്. എന്നാലും ഇതെഴുതിത്തീത്തുകളയാം. സന്ധ്യ കു റെയങ്ങു കഴിയുമ്പോറം ഞാൻ തിരിച്ചു് ഈ മുറിയിൽവ രും. ഇലക്ട്രിക്ക്വിളക്കിൻെറ സ്വച്ചു് അമത്തും. പ്രകാ ശത്തിൽ മുങ്ങിയ മുറിയിൽ, നിശ്ചലമായി തെളിഞ്ഞുനി ല്ക്കുന്ന വിളക്കിനടിയിൽ, ഈ ചാരുകസേരയിൽ ഞാൻ ഇരിക്കും. എന്നിട്ടൊരു ബീഡിയും വലിച്ചു് പുതിയ ഒരു കഥ എഴുതാൻ തുടങ്ങും. എഴുതുന്നതിനുമുമ്പു് ആലോ ചിക്കും: 'ഇന്നെങ്കിലും ഒന്നു് ഊണുകഴിച്ചെങ്കിൽ!!'

* * *

ഇതിപ്പോറം എൻെറമാത്രം ആഗ്രഹമാണോ? ഞാൻ പറഞ്ഞില്ലേ, ഒഴിഞ്ഞവീടുകളുടെമുമ്പിൽ, പീടികത്തിണ്ണ യിൽ, റെയിൽവേസ്റ്റേഷനിൽ, പാക്കിൻെറവെളിയിൽ— അവിടെയെല്ലാം പററംപററമായി വിശന്നുപൊരിഞ്ഞു് ആവതില്ലാതെ സ്ത്രീപുരുഷന്മാർ കിടപ്പുണ്ടു്: നായ്ക്കളേ ക്കാറം കഷ്ടമാണു്. മനുഷ്യസമുദായമെന്നും ജനങ്ങളെന്നും നാം വമ്പുപറയാറുണ്ടല്ലോ. പരമാത്ഥത്തിൽമനുഷ്യത്വം ബാക്കിയില്ല. എല്ലാം പോയിരിക്കുന്നു. ഇത്തരം എവി ടെയുമുണ്ടു്. ലോകത്തിലെ ഓരോ പട്ടണങ്ങളിലും. എത്ര കോടി മനുഷ്യരാണു് ഈ നിലയിലുള്ളതു്! ഞാനിവിടെ മുതലക്കണ്ണുനീർ വാക്കാൻ ശ്രമിക്കുകയല്ല. എന്താണു് മനുഷ്യത്വം? അതു് കടലാസിൽമാത്രം മതിയോ? നിങ്ങറം

രാത്രികാലങ്ങളിൽ ഈ തെരുവിൽ നടന്നാൽ രസകരങ്ങളായ കാഴ്ചകൾ കാണാം. അമ്മമാർ കുഞ്ഞുങ്ങളെ വില്ക്കുന്നു. കന്യകാജനങ്ങൾ ചാരിത്രം വില്ക്കുന്നു. ഇതിനു രണ്ടിനും ഞാൻ വലിയ വില ഒന്നും കല്പിക്കുന്നില്ല. എങ്കിലും വില്ക്കുന്നു......വില്ക്കാനും വാങ്ങാനുമുള്ള ഒരു ചന്തയാണു് ഈ ലോകം. പക്ഷേ, എന്താണു വില്ക്കാനും വാങ്ങാനുമുള്ളതു്?

## 6

ഭയങ്കര രംഗങ്ങളാണു തെരുവിൽ. സന്ധ്യ കഴിഞ്ഞാൽ തുടങ്ങുകയായി. പകലും നടക്കുന്നുണ്ടു്.

എന്താണെന്നോ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നതു്? ആ രംഗങ്ങൾ ഞാനിവിടെ ചിത്രീകരിക്കാം. പക്ഷേ, നിങ്ങൾ നടുങ്ങും. നിങ്ങളെ നടുക്കണമെന്നു് എനിക്കു വിചാരമില്ല. പോരെങ്കിൽ ഇതൊരു തമാശക്കഥയാണു്. ഇതിനു വേണ്ടാത്തതായി, ഞാൻ ഇതിൽ പലതും എഴുതിയിട്ടുണ്ടു്. ഓർമ്മയോടെതന്നെ. എന്താ കാരണമെന്നോ? ഇതു നിങ്ങൾക്കു ഒരു എഴുത്താണു്. മരണത്തിൻെറ നിഴലിൽ ഇരുന്നുകൊണ്ടു് എഴുതുകയാണെന്നു വിചാരിക്കൂ: ജീവിതാന്ത്യം അടുത്തുപോയി എന്നും വിചാരിക്കൂ: ഇതിനു കാരണമായി ചിലതു് എൻെറ വയററിലുണ്ടെന്നും വിചാരിക്കൂ: അതെന്താണെന്നാണു് ഞാൻ പറയാൻ പോകുന്നതു്. ചുരുക്കത്തിൽ ഇതൊരു തമാശക്കഥയാണു്. എൻെറ മററെല്ലാ കഥകളേയും പോലെ ഇതിനും വലിയ പ്ലോട്ടൊന്നുമില്ല. നിങ്ങളുടേയും എൻേറയും ജീവിതംപോലെ ഇതു ശരിയല്ല. എ

നിക്കു വ്യക്തമായി ചിലതു പറയാനുണ്ട്. അതിനു സമയം കുറവാണെന്നും എനിക്കറിയാം. എന്നാലും പറയാൻ സാധിക്കുന്നിടംവരെ പറയാം: നിങ്ങൾ മനുഷ്യസംസ്കാരത്തിൻെറ പ്രതിനിധിയാണെന്നു വിചാരിക്കൂ: എന്താണു നിങ്ങളുടെ സംസ്കാരം? അതെന്തെന്നു കണ്ടുപിടിക്കാൻ ശ്രമിക്കുക: രാത്രികളിലെ നിങ്ങൾ......നിങ്ങളുടെ പ്രവൃത്തികൾ, നിങ്ങളുടെ വിചാരങ്ങൾ, നിങ്ങളുടെ സ്വപ്നങ്ങൾ, നിങ്ങളുടെ ആഗ്രഹങ്ങൾ.......പകലിലെ നിങ്ങൾ......നിങ്ങളുടെ പ്രവൃത്തികൾ, വത്തമാനങ്ങൾ...... ഇങ്ങനെ എല്ലാം സത്യമായി കുറിച്ചുവെച്ചിട്ട് ഒരാഴ്ച കഴിഞ്ഞു നിങ്ങൾ വായിച്ചുനോക്കുക: നിങ്ങൾ നട്ടുങ്ങും. നിങ്ങൾ നിങ്ങളാണോ എന്നു സംശയിക്കും: അങ്ങനെയുള്ള എൻെറ എല്ലാ പ്രവത്തികളും ഇവിടെ രേഖപ്പെടുത്തുന്നില്ല: ചിലതു മാത്രം: ഞാൻ ഇതുവരെ പറഞ്ഞുവന്നതും ഇനി പറയാൻ പോകുന്നതും......നിങ്ങളെ ചിരിപ്പിക്കാനുള്ളതാണ്. എന്നാൽ ട്രാജഡിയും കോമഡിയും കൂട്ടിക്കുഴച്ചാണു ഞാൻ പറയുന്നത്. എന്താണെന്നോ. രണ്ടും എന്നിൽ കൂടിക്കുഴഞ്ഞു കിടക്കുന്നു. ഞാൻ പറഞ്ഞുവന്നതു തെരുവിലെ രംഗങ്ങളെപ്പററിയാണല്ലോ. ഞാനതു് ഇവിടെ ചിത്രീകരിച്ചാൽ നിങ്ങൾ ഭയപ്പെടുമോ?

* * *

ഓ എന്തുഭയം—അല്ലേ?

ഒന്നും പുതുതല്ല. കണ്ടും കേട്ടും പഴകിയതു്. തെരുവിലുള്ളതു ജനങ്ങളാണ്. ഭയങ്കര രോഗങ്ങളുടേയും വൃത്തികെട്ട എല്ലാ നാററത്തിൻേറയും സവ്വമ്ലേച്ഛതകളു

ടേയും സമാഹാരം. അവരെ ജനങ്ങൾ എന്ന് പറയാമോ എന്തോ. ഞാൻ പറഞ്ഞില്ലേ, മനുഷ്യത്വം അവരിൽനിന്ന് — എന്തിന് അവരിൽനിന്ന്! നമ്മിൽ മനുഷ്യത്വമുണ്ടോ? നിങ്ങളിലും എന്നിലും? നിങ്ങളുടെ അയൽപക്കത്തുള്ളവർ പട്ടിണികിടക്കുകയാണെന്നറിഞ്ഞുകൊണ്ട് നിങ്ങൾ ആഹാരം കഴിക്കുന്നില്ലേ? ഇതു് തെറേറാ ശരിയോ ആണെന്നല്ല ഞാൻ പറയുന്നതു്. ഈ ഇനത്തിൽപ്പെട്ട ഒരു നാലുചോദ്യം, നിങ്ങളെ നിങ്ങളുടെ ശരിയായ സ്ഥാനത്തുകൊണ്ട് നിത്തും. നിങ്ങൾ പറയും: "എനിക്കുകുറെ അധികം സ്വാത്ഥതയുണ്ട്; ക്ഷമിക്കണം." ഇങ്ങനെ ക്ഷമായാചനം ചെയ്യാത്തവരായി ഈ ലോകത്തിൽ വല്ലവരുമുണ്ടോ? ഞാൻ പറഞ്ഞില്ലേ, ഏകാഗ്രത കിട്ടുന്നില്ല. വൃക്ഷത്തിൻെറ വേരുകൾപോലെ ചിന്തയങ്ങിനെ പല ഭാഗത്തേയ്ക്കും പോയിക്കൊണ്ടിരിക്കുന്നു. ഒന്നു പരമാത്ഥം: യുദ്ധം നടക്കുന്നു. അകത്തും പുറത്തും. അകത്തുള്ള യുദ്ധമാണ് എന്നെ വിഷമിപ്പിക്കുന്നതു്. ഓമ്മയും ഓമ്മക്കേടും തമ്മിൽ. ഞാൻ ഓമ്മയിൽത്തന്നെ ഏകാഗ്രത ചെലുത്താൻ ശ്രമിക്കുകയാണ്.

അവിടെ തെരുവിൽ, ആ വിളക്കുകാലിൻെറ ചുവട്ടിൽ, ഒരു സ്ത്രീ ചത്തുകിടപ്പുണ്ട്. ഒരു കുഞ്ഞു ആ ശവത്തിൻെറ മുല കുടിക്കുന്നു.

ആ സ്ത്രീ നിങ്ങളുടെ അമ്മയാണെന്ന് വിചാരിക്കൂ; അല്ലെങ്കിൽ എൻെറ അമ്മ. ആ കുഞ്ഞു് ഞാനാണെന്ന് വിചാരിക്കൂ; അല്ലെങ്കിൽ നിങ്ങൾ.

മരിച്ചുകിടക്കുന്ന സ്ത്രീയുടെ ഗുഹ്യപ്രദേശം പരിപൂണ്ണനഗ്നമാണ്.

എന്താണെന്നോ? അവൾ മരിച്ചു ഉടനെ നിങ്ങളോ ഞാനോ—അല്ലെങ്കിൽ നമ്മുടെ ഏതോ ഒരു അജ്ഞാത സഹോദരനോ സഹോദരിയോ—ആ സ്ത്രീയുടെ വസ്ത്രം ഉരിഞ്ഞെടുത്തു. നാണം മറയ്ക്കാനായിരിക്കാം. എന്തു നാണം?

* * *

ഈ മഹാപ്രപഞ്ചത്തിന്റെ മുമ്പിൽ നഗ്നമായി നില്ക്കാൻ ആർ, എന്തിന് നാണിക്കണം? പക്ഷേ...... ആ......പക്ഷേ. അച്ഛൻ മകളെ വില്ക്കുന്നു. കുറേസമയത്തേയ്ക്ക്. ഒരു സിഫിലിസ്കാരന്. ഒരു ചീഞ്ഞ നാരങ്ങയ്ക്ക്. ഓ അച്ഛനും മകളും. സ്ത്രീകളും കുഞ്ഞുങ്ങളും യുവാക്കളും വൃദ്ധന്മാരും. കുഞ്ഞുങ്ങൾ തള്ളമാരുടെ മുല കടിച്ചുപൊട്ടിക്കുന്നു. തള്ളമാരുടെ മുലകളിൽ പാലില്ല. അമ്മമാരുടെ ചോരയാണ് കുഞ്ഞുങ്ങൾ ചപ്പിക്കുടിക്കുന്നതു്. പാൽ വെളുത്ത ചോരയാണ്. ഓ... എന്റെ തൊണ്ട ഉണങ്ങിപ്പോയി. വായിൽ വെള്ളമില്ല. ചുണ്ടു കടിച്ചുപൊട്ടിച്ച് അല്പം ചോര കുടിച്ചാലോ?

* * *

ഓ......നിങ്ങൾ വിചാരിക്കും: ഇത്ര വിഷമം അനുഭവിക്കുമ്പോൾ എന്തിനാണെഴുതുന്നതു്? ചുമ്മാ ഇരുന്നുകൂടെ? ഓ ചുമ്മാ ഇരിക്കാം. എന്നിട്ടു? ഈ വേദനയിൽ ലയിക്കുകയോ? സാദ്ധ്യമല്ല. ഞാൻ മറക്കാൻ വിചാരിക്കുന്നു. അതുകൊണ്ടു് എഴുതുന്നു. എന്റെ സുഹൃത്തേ! ഞാൻ ഒരു എഴുത്തുതൊഴിലാളിയാണ്; എഴുത്തുകർഷകനാണ്; എഴുത്തു പട്ടാളക്കാരനാണ്. സർവ്വോപ

രി ഒരു കലാകാരനാണ്. നിങ്ങഠം സമ്മതിച്ചില്ലെങ്കിലും ഞാൻ വിചാരിക്കുന്നു. എനിക്കുള്ള ജോലി ചെയ്തുകൊണ്ടുതന്നെ മരിക്കുന്നതു് ഒരു രസമല്ലേ? അപ്പോഠം ഞാൻ പറഞ്ഞുവന്നതു്......അതെ: കുറെ അധികം ദിവസങ്ങളായിട്ട് ഞാൻ ചോറുണ്ടിട്ടില്ല. വെറും വെള്ളം കുടിക്കും. കൂട്ടത്തിൽ പാലും ഉണ്ടെന്നുവെച്ചോളു. ഘനമായുള്ളതു് വല്ലതും അകത്തു ചെന്നാൽ അതു് ദഹിപ്പിക്കുവാനുള്ള സൂത്രം എങ്ങനെ എന്ന് എൻെറ വയറ് മറന്നു പോയി എന്ന് വിചാരിക്കു. എന്നാലും, ആർത്തി ഇല്ലാതിരിക്കുമോ?

* * *

അതെ: അഞ്ചാമത്തെ നിരാഹാരവ്രതം ചുമ്മാ അങ്ങനെ തുടൎന്നുവരുന്നു. അപ്പോഴാണല്ലോ ഇന്നലെ ഒരു പ്രധാന സംഭവം ഉണ്ടാവുന്നതു്! അതില്ലാതിരുന്നെങ്കിൽ......ഇപ്പോഴത്തെ ഈ......പോകട്ടെ: ഇന്നലേക്കു മുമ്പുണ്ടായ ദിവസങ്ങളെല്ലാം സുഖത്തിൽതന്നെയാണു കഴിഞ്ഞതു്. എൻെറ സുഹൃത്തേ! ഇനി ഞാൻ ചില സംഗതികഠം പറയാൻ പോകുന്നു. നിങ്ങളുടെ അനുകമ്പയ്ക്കു വേണ്ടിയല്ല. നിങ്ങളുടെ സന്മനോഭാവത്തിന് വേണ്ടിയല്ല. നിങ്ങളുടെ ഒരു ചുക്കിനും വേണ്ടിയല്ല. എൻെറ ധിക്കാരത്തെ ക്ഷമിക്കണേ! ക്ഷമിച്ചില്ലെങ്കിലും ഒന്നുമില്ല. എന്നാലും ക്ഷമിക്കുക. അപ്പോഠം ഇക്കഴിഞ്ഞ ദിവസങ്ങളിൽ എനിക്കു സുഖമായിരുന്നു. അസുഖത്തിൻെറ ലാക്ഷണമെന്നുപറയാൻ, തലയുടെ ഉള്ളിൽ പിൻഭാഗത്തു് തീയുള്ളതുപോലെ ഒരു തോന്നൽ! എന്നാലും സാരമില്ല.

നടക്കുമ്പോഠം ലേശം ബോധക്ഷയം. കണ്ണും തലയും ഇരു ട്ടിക്കൽ. പെട്ടെന്ന കണ്ണു കാണാതെയും ചെവികേഠക്കാ തെയും ആയതുപോലെ. എന്നാലും ......എന്നാലും ഞാ നങ്ങ നടന്നുപോകും. ഓമ്മവരുമ്പോഠം, ആലോചിക്കും: “ഞാൻ എവിടേയ്ക്കാണീ പോകുന്നതു്?”

* * *

ഇങ്ങനെ കുഞ്ഞമ്മ ആലോചിക്കുമോ എന്തോ. എ ൻെറ ആരാധകൻ, തൊഴിലാളിനേതാവ്, സിനിമാനടൻ, അദ്ദേഹത്തിൻെറ ഭാൎയ്യയായ നൎത്തകി, നിങ്ങഠ......എ ന്നുവേണ്ട ജീവനുള്ളതെല്ലാം ഇങ്ങനെ ആലോചിക്കുമോ എന്തോ:“ഞാൻ എവിടേയ്ക്കാണീ പോകുന്നതു്?” അങ്ങ നെ ഞാൻ കുറേനേരം റോഡിൽ നിൽക്കും. മുകളിൽ വി മാനത്തിൻെറ എരമ്പൽ. ചുററും ആളുകളുടെ അടക്കി യുള്ള സംഭാഷണങ്ങഠ. മദ്യപിച്ച പട്ടാളക്കാരുടെ പേ ക്കൂത്തു്. വണ്ടിക്കാരുടെ ശബ്ദം. യാചകരുടെ കരച്ചിൽ. ഞാൻ അങ്ങനെ നടക്കും. പിന്നെയും അ പ്രശ്നം പൊ ന്തിവരും. മനുഷ്യസമുദായം എവിടേയ്ക്കാണീ പോകുന്ന തെന്നല്ല—ഞാൻ,അതെ—ഞാൻ എവിടേയ്ക്കാണീ പോ കുന്നതു്? ഉടനെ തോന്നും: എങ്ങോട്ടുമല്ല! അപ്പോഠം ഞാൻ പൊട്ടിച്ചിരിക്കും. അതു കേഠക്കുമ്പോഠം ഞാൻ ഞെട്ടിപ്പോകും. എന്തെന്നാൽ അതു് എനിക്കത്ര പിടി ച്ച ഒച്ചയല്ല. പരിചയമില്ലാത്ത ആരുടേയോ പോലെ! അതെൻെറ ചുററും നിന്നു് പുറപ്പെടുന്നുണ്ടോ? അങ്ങ നെ സംശയം തോന്നും. ഞാൻ നടക്കും. എങ്ങോട്ടാണു്? ചുമ്മാ നടക്കും. രാത്രി കുറെ അങ്ങ കഴിയുമ്പോഠം നട ന്നു വിയർത്തു ശകലം ഉന്മേഷം ഉണ്ടാകുമ്പോഠം, ഞാൻ

തിരികെ ഈ മുറിയിൽ വരും. തുറന്ന് ലൈററിട്ടു നോക്കുമ്പോൾ പല എഴുത്തുകളും പത്രങ്ങളും മുറിയിൽ കിടപ്പുണ്ടായിരിക്കും. എഴുത്തുകൾ വായിച്ചുനോക്കും. എല്ലാററിനും മറുപടി അയയ്ക്കണം. പക്ഷെ, സ്റ്റാമ്പിനു പണം എവിടെ? നാട്ടിലെ പണം എവിടെ? യുദ്ധത്തിനെന്തിനാ പണം? കുഞ്ഞമ്മയെ ഓക്കും. ഞാൻ അങ്ങനെ ഇരിക്കും. എഴുതിക്കഴിഞ്ഞ നോവൽ എടുത്തു് ഒരിക്കൽക്കൂടി വായിച്ചുനോക്കും. അങ്ങിങ്ങായി പുതിയ ചില തിരുത്തലുകൾ ചെയ്യും. അതുകഴിഞ്ഞു് ചുമ്മാ മുററത്തിറങ്ങി നില്ക്കും. ആകാശത്തു നോക്കും. നക്ഷത്രങ്ങൾ. അതു കാണുമ്പോൾ ഒരു പഴയപ്രശ്നം വീണ്ടും ഉദിക്കും! എന്താണതു്? വളരെ നേരം ചെവി ഓത്തു നില്ക്കും. ചുമ്മാ നില്ക്കുകയാണു കേട്ടോ. ലോകത്തിൽ എവിടെനിന്നെങ്കിലും വല്ല ശബ്ദവും കേൾക്കുന്നുണ്ടോ? ഉടനെ എനിക്കു തോന്നും: ഞാൻ എന്തിനാണ് ഇങ്ങനെ നില്ക്കുന്നതു്? ഓ ചുമ്മാ! എന്നിട്ടു ഞാൻ ചിരിക്കും. വീണ്ടും മുറിയിൽവന്ന് കസേരയിൽ ഇരിക്കും. മുഴുമിക്കാത്ത പുതിയ കഥ വായിച്ചുനോക്കി മുഴുമിക്കാൻ ശ്രമിക്കും. ഇതെല്ലാം പഴയകഥ. എന്റെ സുഹൃത്തേ! എനിക്കിപ്പോൾ അനങ്ങാൻ വയ്യാ. എന്റെ ഉള്ളിലെ ഈയ്യത്തിന്റെ ഗോളവും മുൾക്കെട്ടും......അടിയിലേയ്ക്കും മുകളിലേയ്ക്കും താഴ്ത്തുകയും, ഉയർത്തുകയും; താഴ്ത്തുകയും ഉയർത്തുകയും......തല വിയർക്കുന്നു. വയററിൽ മണൽച്ചാക്കാണോ? അല്ല—ബോംബുണ്ടകളാണെന്നു തോന്നുന്നു. എവിടെയോ തീപിടിച്ചിട്ടുണ്ടു്......ഞാൻ ലക്ഷം കഷണങ്ങളായി പൊട്ടിത്തെറിച്ചേയ്ക്കും! അതിനു മുമ്പു കാമ

വേഗത്തിൽ, വേഗത്തിൽ, എഴുതിത്തീൎത്തുകളയാം. ഒരു പ്രധാനവാൎത്ത: ഇക്കഴിഞ്ഞരാത്രി രണ്ടരമണിവരെ ഞാൻ ഈ മുറിയിൽ ഇല്ലായിരുന്നു. പുതുമയുള്ള വാൎത്തയാണു കേട്ടോ. ഞാൻ എവിടെയായിരുന്നെന്നോ? പറയാം. ഇക്കഴിഞ്ഞ രാത്രി ഞാൻ ഇവിടെ തനിയെ വന്നു ചേൎന്നോ, അതോ വല്ലവരും കൊണ്ടുവന്ന് ആക്കിയോ?

* * *

താനേ വന്നതു തന്നെ! അതെ: താനേ വന്നു. ലക്ഷ്യം പിഴയ്ക്കാതെ വന്നു. മുറിതുറക്കാൻ അരമണിക്കൂർ പിടിച്ചു. താക്കോൽപ്പഴുതു കണ്ടുപിടിക്കാൻ വിഷമിക്കയായിരുന്നു. അതിനുശേഷം വിളക്കിൻെറ സ്വിച്ച് കണ്ടുപിടിക്കാനും നന്നെ ഞെരുങ്ങി. ചുമരിലൊക്കെ വളരെ സമയം തപ്പിത്തടഞ്ഞു. ഒന്നുരണ്ടു കുറി വീഴുകയും ചെയ്തു. അതിനിടയ്ക്കു പാൽക്കുപ്പി കയ്യിൽക്കിട്ടി. തണുത്തപാൽ കുടിച്ചപ്പോൾ ഒരാശ്വാസം തോന്നി. അതും കയ്യിൽവച്ചുകൊണ്ടാണ് ഉറങ്ങിയതെന്നു തോന്നുന്നു. എന്തെന്നാൽ ഇന്നു പകൽ ഉറക്കം ഉണൎന്നപ്പോൾ വെറും തിണ്ണയിൽ മലൎന്നു കിടക്കുകയാണ്. പാൽകുപ്പി എൻെറ നെഞ്ചത്തും. മുറിയുടെ വാതിൽ തുറന്നും...... വരാന്തയിലെ ചെടികൾ നാലും, ചെമപ്പും വെള്ളയുമായ പൂക്കളാൽ പുഞ്ചിരി തൂകുന്നു, ഞാൻ ഓൎത്തു: കഴിഞ്ഞ രാത്രി എന്തുകൊണ്ടു് ഞാൻ വാതിൽ അടച്ചില്ല? വെറും തിണ്ണയിൽ കിടക്കാൻ കാരണമു? എല്ലാം ഞാൻ ഓൎത്തു. ഓൎമ്മയ്ക്കുള്ളിൽ ഒരു കൊടുങ്കാററു വീശി. അതിപ്പോഴുമുണ്ടു്. കൊടുങ്കാററു വീശുകയാണ്. വീശട്ടെ! തുടക്കം എങ്ങിനെയാണെന്നോ?

# 7

ആ!......തുടക്കം എവിടെയാണെന്നെനിക്കറിഞ്ഞു കൂടാ. ഒരുപക്ഷേ ആ നർത്തകിപ്പെണ്ണിൽനിന്നായിരിക്കാം. അങ്ങനെയല്ലേ വരൂ. പെണ്ണിൽനിന്നാണു തുടക്കം. അതോ ആണിൽനിന്നോ? ഏതായാലും ഒന്നു തീർച്ച: ആ നർത്തകിയോടൊരിക്കൽ തമാശയ്ക്കു ഞാൻ പറഞ്ഞു:

"ഈ ജീവിതത്തിൽ സുഖം വേണമെങ്കിൽ സ്വന്തമായ അഭിപ്രായം ഒന്നും ഉണ്ടാവാതിരിക്കുക; നിങ്ങളുടെ ചുറവും '0' വട്ടത്തിലുള്ള സ്ഥലം മാത്രമേ ഭൂലോകമായുള്ളു എന്നും വിചാരിക്കുക. വെട്ടിയോ കിളച്ചോ ജീവിക്കാനും ശ്രമിക്കുക."

അവൾ ചിരിച്ചു. അവൾ പറഞ്ഞു: "എനിക്കു പാടുകയും നൃത്തം ചെയ്യുകയും വേണം—അതിനോ?"

ഞാൻ പറഞ്ഞു:

"പാടിക്കോളൂ, നൃത്തം ചെയ്തോളൂ. ആരു വേണ്ടെന്നു പറയുന്നു?"

അവൾ ഭർത്താവിന്റെനേർക്കു തിരിഞ്ഞു. അവൾ ചോദിച്ചു:

"എന്താ ഒന്നും മിണ്ടാത്തതു്?"

ആ സിനിമാനടൻ ചിരിച്ചു.

ഞാൻ ആ നർത്തകിയോടു ചോദിച്ചു:

"എന്താ വേണ്ടതു്?"

അവൾ പറഞ്ഞു:

"ആവോ."

കുഞ്ഞമ്മയെപ്പോലെയാണ്. പരിഭവവും ദേഷ്യവും കലൎന്നമട്ട്. അവൾക്കു വേണ്ടതു് എന്തെന്ന് എനിക്കറിയാം. എന്നിട്ട് അറിഞ്ഞുകൂടെന്നു ഭാവിക്കയാണ്. ഈ വിധമായതുകൊണ്ടു നൎത്തകിയോടു ഞാൻ പറഞ്ഞു:

"എന്നാൽ ചുമ്മാ നൃത്തം ചെയ്തോളൂ—ഭൂഗോളമാകുന്ന 'ഠ' വട്ടത്തിൽ!"

"ഠാ വട്ടത്തിൽ?"

"എടീ പെണ്ണേ," സിനിമാനടൻ പറഞ്ഞു, "ഭൂലോകം വലിയ ഒരുണ്ടയാ!"

"എനിക്കറിയാം." അവൾ പറഞ്ഞു, "ഞാൻ ഓക്ണാറുണ്ട്."

ഞാൻ ചോദിച്ചു:

"എന്താണ്?"

അവൾ മടിച്ചു. അവൾക്കു ലജ്ജതോന്നി. അവൾ പറഞ്ഞു:

"ഇപ്പോൾ ഇവിടെ ഒരു കിണർ കുഴിക്കയാണെങ്കിൽ......അതങ്ങനെ കുഴിച്ചുകുഴിച്ച്.......വർഷങ്ങളിലൂടെ അങ്ങനെ കുഴിച്ചുകുഴിച്ച്......അങ്ങനെ പോകയാണെങ്കിൽ......?"

ഞാൻ പറഞ്ഞു:

"ശരിയാണ്: ഭൂഗോളത്തിൻെറ മദ്ധ്യേക്കൂടി ഒരു തുളയുണ്ടാവും."

അവൾ പറഞ്ഞു:

"അപ്പോൾ അപ്പുറം കാണുമല്ലോ. ഇപ്പോൾ പക

ലായതുകൊണ്ട്, അപ്പുറം രാത്രിയായിരിക്കും. അപ്പോൾ നക്ഷത്രങ്ങളേയും കാണാം."

ഞാൻ പറഞ്ഞു:

"കാണാം."

*　　　*　　　*

ഈ വർത്തമാനം നടന്നതു് ഈ മുറിയിൽവച്ചാണ്. എൻെറ ഈ വിഷമങ്ങളുടെ തുടക്കം അതായിരിക്കയില്ല. ട്രാജഡിയും കോമഡിയുമാണു തുടക്കമെന്നു തോന്നുന്നു. അതെ: എൻെറ ആരാധകനായ സിനിമാ പ്രൊഡ്യൂസറാണ് അതു പറഞ്ഞതെന്നു തോന്നുന്നു. അദ്ദേഹം ഇന്നലെ പറഞ്ഞു:

"എൻെറ ഇൻററസ്ററു മുഴുവനും ഫിലിമിലാണ്. എനിക്കു കുറെ നല്ല ചിത്രങ്ങൾ എടുക്കണമെന്നുണ്ട്. അതിനു പററിയ മനോഹരമായ പ്രകൃതിവിലാസം നമ്മുടെ നാട്ടിനുണ്ട്. നദികൾ, കായലുകൾ, വനങ്ങൾ, വെള്ളച്ചാട്ടങ്ങൾ, മലകൾ, നെൽപ്പാടങ്ങൾ, തെങ്ങിൻതോട്ടങ്ങൾ—എല്ലാം നമുക്കുണ്ട്. നടീനടന്മാർക്കും വിഷമമില്ല. അത്യാവശ്യമായി വേണ്ടതു കുറെ നല്ല കഥകളാണ്."

ഞാൻ കഥകളേയും കഥ എഴുത്തുകാരേയും പററി പറഞ്ഞു തുടങ്ങിയപ്പോൾ അദ്ദേഹം ഇടയ്ക്കുകയറി പറഞ്ഞു:

"നിങ്ങൾ എഴുതിവച്ചിരിക്കുന്ന നോവൽ ട്രാജഡിയോ കോമഡിയോ?"

ഞാൻ പറഞ്ഞു:

"ട്രാജഡി."

അദ്ദേഹം ചോദിച്ചു:

"ഒരുകോമഡി എഴുതിക്കൂടേ? ചിരിക്കാനുള്ളതാണു നല്ലതു്. അതിൽ നൃത്തം വേണം, സംഗീതം വേണം."

നൃത്തവും സംഗീതവും ഇല്ലാത്ത കഥ സിനിമായ്ക്കു പററാത്തമാതിരിയാണു്. നൃത്തത്തോടും സംഗീതത്തോടും എനിക്കു പകയില്ല. എങ്കിലും എല്ലാ സിനിമായിലും അതുണ്ടായിരിക്കണമെന്നു വെയ്ക്കുന്നതു്...അങ്ങനെ വത്തമാനം, നൃത്തം, സംഗീതം, പെയിൻറിങ്ങ്, പ്രതിമാശില്പം,......അങ്ങനെ ഒരു എണ്ണായിരം വർഷം ഞങ്ങൾ പിറകോട്ടുപോയി. അവിടെനിന്നു സാക്ഷാൽ കലാകാരന്മാരുടെകൂടെ, അവരുടെ കലാസൃഷ്ടികളുടെകൂടെ, കലയിൽവന്ന ഓരോ പ്രസ്ഥാനങ്ങളുടെകൂടെ–പാടിയും, നൃത്തംചെയ്തും, കഥപറഞ്ഞും ഞങ്ങളിങ്ങുവന്നു. ഒടുവിൽ അദ്ദേഹം ചോദിച്ചു:

"കലയ്ക്കു വല്ല ഉദ്ദേശവുമുണ്ടോ?"

ഞാൻ ചോദിച്ചു:

"ജീവിതത്തിനു വല്ല ഉദ്ദേശവുമുണ്ടോ?"

പിന്നീടു നിശ്ശബ്ദതയാണു്.

കുറേക്കഴിഞ്ഞു ഞാൻ ചോദിച്ചു:

"ക...ല–എന്നു നിങ്ങൾ ഉദ്ദേശിക്കുന്നതു്. പ്രതിമാശില്പമാണോ?...പെയിൻറിംഗ്സ്, നൃത്തം, സംഗീതം, കഥകൾ, കെട്ടിടനിർമ്മാണം, നെയ്ത്തു്...ഏതിനെയാണു്?"

അദ്ദേഹം പറഞ്ഞു:

"എല്ലാററിനുംകൂടി."

ഞാൻ പറഞ്ഞു:

അല്പസമയംകൊണ്ടു പറഞ്ഞുതീക്കാവുന്ന ഒരു വിഷയമല്ല. കല എന്നാൽ എന്തെന്നു പറയാൻ പണ്ടു കാലം മുതല്ക്കേ പലരും ശ്രമിച്ചുതുടങ്ങിയതാണ്. അനേകവിധത്തിലുള്ള അഭിപ്രായങ്ങളുമുണ്ടു്. അറിയാൻ ശ്രമിക്കുന്നവരും, അറിവില്ലാത്തവരും, ഏതാണ്ടറിയാവുന്നവരും എഴുതിയിട്ടുണ്ടു്. പ്രതിമാശില്പികഠം, ചിത്രകാരന്മാർ, കഥയെഴുത്തുകാർ, കവികഠം, നിരൂപകന്മാർ, സന്യാസികഠം, രാഷ്ട്രീയപ്രവത്തകന്മാർ—എന്നുവേണ്ട, മുലകുടി മാറിയ കൊച്ചുപിള്ളേരും എഴുതിയിട്ടുണ്ടു്. ഇനി എഴുതുകയും ചെയ്യും. ഞാൻ പറഞ്ഞില്ലേ, ഞാൻ വളരെ വായിച്ചിട്ടുണ്ടു്. പ്രതിമാശില്പങ്ങഠം വളരെ കണ്ടിട്ടുണ്ടു്. പെയിൻറിംഗ്സ്—എന്നുവേണ്ടാ കലയുടെ വിഭാഗത്തിൽപ്പെട്ടതിനെ എല്ലാററിനെപ്പററിയും ഒരു ബോധമുണ്ടു്. സ്വന്തമായി ചിന്തിച്ചിട്ടുമുണ്ടു്—"

ഞാൻ ഇടയ്ക്കു നിത്തി. ഒരെട്ടണ-എനിക്കു തരാമോ? ഞാൻ പട്ടിണി കിടക്കുകയാണ്. എനിക്കു തീരെ ആവതില്ല. കൊണ്ടുപോയി എനിക്കെന്തെങ്കിലും വാങ്ങിച്ചുതരു!......ഇത്രയും ചിന്തകളോടെ ഞാൻ അദ്ദേഹത്തിൻെറ മുഖത്തു നോക്കി. എൻെറ ചിന്തകഠം അദ്ദേഹത്തിൻെറ മനസ്സിൽ ചെല്ലട്ടെ!

അദ്ദേഹം ചോദിച്ചു:

"അതെ: അപ്പോഠം കല എന്താണെന്നാണു നങ്ങഠം പറയുന്നതു്?"

ഞാൻ, പറഞ്ഞു:

"ഞാൻ ഒന്നും പറയുന്നില്ല. ക...ല എന്ന രണ്ടക്ഷരങ്ങളുടെ ഇടയിൽ ഭൂഗോളത്തേയും സൂര്യചന്ദ്രന്മാരേയും, നക്ഷത്രങ്ങളേയും, സൗരയൂഥത്തേയും, അണ്ഡകടാഹത്തെത്തന്നേയും ഞാൻ കാണുന്ന എന്ന് തല്ക്കാലം വിചാരിച്ചോളൂ."

വീണ്ടും നിശ്ശബ്ദത.

അദ്ദേഹം കുറേക്കഴിഞ്ഞു ചോദിച്ചു:

"നിങ്ങളുടെ കഥകളുടെ ഉദ്ദേശം വ്യക്തമാകുന്നില്ല. അതേപ്പററി എന്താണു നിങ്ങൾക്കു പറയാനുള്ളത്?"

ഞാൻ തോററു. ഇരുമ്പുപാരകൊണ്ട് തല്ലിക്കൊല്ലാഞ്ഞത് മണ്ടത്തരമായിപ്പോയി. അതെ: ഇപ്പോഴാണ് ഓർമ്മവന്നത്. ഇതിൻെറ തുടക്കം ഞാനീപ്പറഞ്ഞുവന്ന മാതിരിയല്ല. ശരിയായി തുടക്കത്തിനുമുമ്പ് കഥകളുടെ ഉദ്ദേശത്തെപ്പററി പറഞ്ഞുകളയാം. അദ്ദേഹം ഉദ്ദേശത്തെപ്പററി മാത്രമല്ല പറഞ്ഞത്. എൻെറ ചില കഥകൾ ഇഷ്ടമായി. ചിലത് ഇഷ്ടമായില്ല. ചിലതു ശുഷ്കമാണ്, ചിലതു ഭയങ്കരമാണ്, ചിലത് ജുഗുപ്സാവഹമാണ്. ഇതിനൊക്കെ എന്താ എനിക്കു സമാധാനം?

ഞാൻ പറഞ്ഞു:

"അതിനു ഞാൻ ഒരു തമാശ പറയാം. നിങ്ങൾക്കു ഈശ്വരനിൽ വിശ്വാസമുണ്ടോ?"

അദ്ദേഹത്തിൻെറ മുഖത്തെ മന്ദഹാസം മാഞ്ഞുപോയി. അദ്ദേഹം പറഞ്ഞു:

"തീർച്ചയായും എനിക്ക് ഈശ്വരനിൽ വിശ്വാസമുണ്ട്; നിങ്ങൾക്കോ?"

"എൻെറ കാര്യം ഇരിക്കട്ടെ—നിങ്ങൾക്കുണ്ടല്ലോ?"

"ഉണ്ട്!"

"നല്ലത്.ഈശ്വരനെ നിങ്ങൾഎങ്ങനെഅറിയുന്നു?"

ഒരു പഴയ മുദ്രാവാക്യം ഉരുവിടുന്നതുപോലെ അദ്ദേഹം പറഞ്ഞു:

"സൃഷ്ടികളിലൂടെ. . ..എല്ലാററിൻേറയും പിന്നിൽ ഞാനൊരു ശക്തിവിശേഷം ദർശിക്കുന്നു."

ഞാൻ പറഞ്ഞു:

"ആ കാണുന്ന സുന്ദരവും സുരഭിലവുമായ റോസാപ്പൂവിനെ സൃഷ്ടിച്ച ഈശ്വരനെ നിങ്ങൾ ആരാധിക്കുന്നു എന്നാൎത്ഥം—അല്ലേ?"

"അതെ."

"എന്നാൽ മൂർഖൻപാമ്പിനെ സൃഷ്ടിച്ച ദൈവത്തേയോ?"

അദ്ദേഹം മിണ്ടിയില്ല.

ഞാൻ ചോദിച്ചു:

"സിംഹം, ആന, തിമിംഗലം, പാററ, പക്ഷികൾ, തേരട്ട, എലുമ്പ്, ആമ, കുഷ്ടത്തിൻെറയും സിഫിലിസിൻെറയും അണുക്കൾ, മാമ്പഴം, സുന്ദരികളായ സ്ത്രീകൾ, അഗാധമായ സമുദ്രം, ഉന്നതമായ കൊടുമുടി, നിങ്ങൾ, ഞാൻ, എന്നുവേണ്ടാ, നിങ്ങൾക്കിഷ്ടമുള്ളതും, ഇഷ്ടമില്ലാത്തതും, നിങ്ങൾ വെറുക്കുകയും ഭയപ്പെടുകയും—അങ്ങനെ ഈശ്വരസൃഷ്ടിയിൽ പലതുമുണ്ട്. ഇതെല്ലാം സൃഷ്ടിച്ച ഈശ്വരനെ നിങ്ങൾ ആരാധിക്കുന്നുണ്ടോ?"

അദ്ദേഹം മിണ്ടിയില്ല.

ഞാൻ പറഞ്ഞു:

"എന്നാൽ തൽക്കാലത്തേയ്ക്കു്...ആദ്യത്തേയും അവസാനത്തേയും കലാകാരനാണു ഈശ്വരനെന്നു വിചാരിക്കു. അങ്ങനെയുള്ള ഈശ്വരൻെറ കലാസൃഷ്ടികളുടെ, ഏതിൻെറ എങ്കിലും ഉദ്ദേശം നിങ്ങൾക്കറിയാമോ?"

അദ്ദേഹം മിണ്ടിയില്ല.

ഞാൻ പറഞ്ഞു:

അങ്ങനെയുള്ള കലാകാരനായ ഈശ്വരൻെറ എണ്ണിയാലൊടുങ്ങാത്ത കലാസൃഷ്ടികളിൽ ഒന്നായ...സ്വയം കലാകാരനെന്നു വിചാരിക്കുന്ന പാവപ്പെട്ട ഒരു മനുഷ്യനാണു ഞാൻ എന്നു വിചാരിക്കു. എൻെറ സൃഷ്ടികൾക്കെല്ലാമുണ്ട് മഹത്തായ ഒരുദ്ദേശം."

ഞാൻ ചിരിച്ചു. ഞാൻ പറഞ്ഞു:

"എനിയ്ക്കു് ഈശ്വരനിൽ വിശ്വാസമില്ലാ എന്നു വിചാരിച്ചോളൂ. ഞാൻ പറഞ്ഞതെല്ലാം തമാശയാണെന്നും വിചാരിച്ചോളൂ."

"അതെന്താ?"

"ഓ...എല്ലാം തമാശയാണ്. നിങ്ങളുടെ നിലപാടനുസരിച്ചു സ്വീകരിച്ചോളൂ. എന്തും അഭിപ്രായം പറഞ്ഞോളൂ."

അദ്ദേഹം ചോദിച്ചു:

"നിങ്ങൾ ഒരു മിസ്ററിക് ആണോ?"

ഞാൻ പറഞ്ഞു:

"ഞാൻ ഒരു പച്ചക്കറിയല്ല."

"അതായത്?"

"ഞാൻ ഒരു വെണ്ടയ്ക്കയല്ല. മനുഷ്യനാണ്."

വേണ്ടീട്ടോ, വേണ്ടാഞ്ഞിട്ടോ, അല്ല ഞാൻ അങ്ങനെ പറഞ്ഞത്. എങ്ങനെ എങ്കിലും സംഭാഷണം അവസാനിക്കട്ടെ. പക്ഷേ, അവസാനിച്ചതാണ് ഈ വേദന. അതിൻെറ കഥ കേൾക്കണോ?

# 8

രസമുള്ളതാണ്. ശ്രദ്ധിക്കുക: പതിവുപോലെ ഇന്നലെ പകൽ നാലുമണിയാവാൻ തുടങ്ങുകയായിരുന്നു. പതിവുപോലെ ഞാൻ തളന്നും കഴിഞ്ഞിരുന്നു. അപ്പോഴത്തേയ്ക്കും പതിവുപോലെ കുഞ്ഞമ്മ പാലുമായി വന്നു. ഞാൻ തമാശയ്ക്കു പറഞ്ഞു:

"എടീ ചിന്നു, പാലു വേണ്ട!"

കുഞ്ഞമ്മ ഒന്നും പറഞ്ഞില്ല. എങ്കിലും അവൾക്കു ദേഷ്യം വരാതിരിക്കുമോ? അവൾ പാൽക്കുപ്പിയുമായി അകത്തുവന്നു. ആ കുപ്പി ഒച്ച കേൾക്കത്തക്കവിധത്തിൽ ദേഷ്യത്തോടെ മൂലയിൽ—കുത്തി എന്നു ഞാൻ പറയുന്നില്ല—വെച്ചു!

ഞാൻ പറഞ്ഞു:

"എന്നോടുള്ള ദേഷ്യംകൊണ്ടാണല്ലേടീ, നീയാക്കുപ്പി നിലത്തിട്ടു കുത്തിയത്?"

"ഹരെ!"

ഞാൻ പറഞ്ഞു:

"ഇതിനൊക്കെ ഞാൻ പകരം വീട്ടും, നിന്നെ കെട്ടുമ്പോഠം!"

അവഠം ചോദിച്ചു:

"ഹെന്തുചെയ്യും?"

ഞാൻ പറഞ്ഞു:

"നിന്നെ കെട്ടിക്കഴിഞ്ഞാലുടനെ പന്ത്രണ്ടു ചെറിയ ചൂരൽവടി കൊണ്ടുവരും. നിൻെറ ചെറുവിരലോളം വണ്ണമുള്ളതു്."

"ഹെന്നിട്ടു്?"

"ഹാ ഹെന്നിട്ടു്...നിന്നെ ജനലിൻെറ കമ്പിയിൽ പിടിച്ചുകെട്ടും!"

"ചൂരലുകൊണ്ടോ?"

ഞാൻ പറഞ്ഞു:

"മണ്ടിക്കഴുതയ്ക്കു ബുദ്ധിയില്ല!"

അവഠം ചൊടിച്ചു.

"കഴുതേന്ന് ചിന്തനെ വിളി!"

ഞാൻ പറഞ്ഞു:

"അതെ എന്നിട്ടു് നിൻെറ തുടയിൽ പൈശാചികമായ കുറെ അടി വെച്ചുതരും. അങ്ങനെ ദിവസവും!"

അവഠം രസത്തോടെ ചോദിച്ചു:

"എന്നിട്ടു്?"

ഞാനും രസത്തോടെ പറഞ്ഞു:

"എന്നിട്ടൊന്നുമില്ല. സമാധാനത്തോടെ വാഴും!"

കുഞ്ഞമ്മ പറഞ്ഞു:

"ഞാൻ തലയൊക്കെ മാന്തിപ്പൊളിക്കുമല്ലൊ!"

നിൻേറതോ എൻേറതോ?"

കുഞ്ഞമ്മ പറഞ്ഞു:

"ആവൊ!"

ഞാൻ പറഞ്ഞു:

"ഇനി നീ പൊക്കോ."

കുഞ്ഞമ്മ പറഞ്ഞു:

"കാശ്താ! കാശ്താ!"

ഞാൻ ആ കാശ്ശുമനസ്ഥിതി മറപ്പിക്കാനായി ചോദിച്ചു:

ഇന്നു നീ എത്ര പട്ടാളക്കാരെക്കണ്ടു?"

കുഞ്ഞമ്മ ഒന്നും പറഞ്ഞില്ല.

ഞാൻ ചോദിച്ചു:

"എന്തെടീ ചിന്നുവേ! പൂച്ച എത്ര കുഞ്ഞുങ്ങളെ പെററു?"

കുഞ്ഞമ്മ ഒന്നും പറഞ്ഞില്ല. ഞാൻ ഒന്നും ചോദിച്ചുമില്ല. അങ്ങനെ ഇരിക്കുമ്പോൾ കുഞ്ഞമ്മ ഒരു പ്രസ്താവന ഇറക്കി. എന്താണെന്നോ? അവൾ പറയുകയാണ്:

"ഞങ്ങടെ ഒരു പൂച്ചയ്ക്കു ഞാൻ ചിന്നു എന്നാ പേരിട്ടിരിക്കുന്നതു്! അതിനെ ഞാൻ എപ്പോഴും അടിക്കുകേം തല്ലുകേം ചെയ്യും!"

ഞാൻ പറഞ്ഞു:

"വളരെ സന്തോഷം. വേറെ വിശേഷമൊന്നുമില്ല. സുഖം, അവിടെയും ഇപ്രകാരമെന്നു വിശ്വസിക്കുന്നു.

കുഞ്ഞമ്മ ഉൽക്കണ്ഠയോടെ, എങ്കിലും അതൊന്നും കാണിക്കാതെ പതുക്കെ ചോദിച്ചു:

"ചിന്നു ഏതാ?"

ചിന്നു ഒരു പഴയ കറമ്പിപ്പശുവാണ്. ഭയങ്കരങ്ങളായ രണ്ടു കൊമ്പുകളുണ്ട്. അവൾക്കെന്നെ വളരെ ഇഷ്ടമായിരുന്നു. എന്താണെന്നുവെച്ചാൽ ഒരു ഇരുപതു പ്രാവശ്യം അവളെന്നെ കുത്തിമറിച്ചിട്ടിട്ടുണ്ട്. ആ ഓർമ്മയോടെ ഞാൻ കുഞ്ഞമ്മയോടു പറഞ്ഞു:

"അവളൊരു കറമ്പി!"

കുഞ്ഞമ്മയ്ക്കതു രസിച്ചു. കുഞ്ഞമ്മവെളുത്തതാണ്! കുഞ്ഞമ്മ ചിരിക്കുകയും ചെയ്തു. അവൾ ചോദിച്ചു:

"ചിന്നുവെൻെറ വീടെവിടെയാ?"

ഞാൻ പറഞ്ഞു:

"ഇവിടന്നൊല്ലാം വളരെദൂരെ...നാട്ടിലുണ്ടായിരുന്നു എന്നു പറയപ്പെടുന്ന എൻെറ വീട്ടില്."

കുഞ്ഞമ്മ കുറേനേരം മിണ്ടാതെനിന്നു. അവൾ ലേശം വിഷാദത്തോടെ പതുക്കെ ചോദിച്ചു:

"കെട്ടിയോളാണല്ലേ?"

ഞാൻ മിണ്ടിയില്ല.

കുഞ്ഞമ്മ ചോദിച്ചു:

"പിന്നെന്താ ഇവിടെ കൊണ്ടുവന്നു താമസിപ്പിക്കാത്തതു്?"

ഞാൻ മിണ്ടിയില്ല.

കുഞ്ഞമ്മ ചോദിച്ചു:

"കഴുത്തേലും കയ്യേലും നിറയെ ആഭരണമുണ്ടോ?"

ഞാൻ മിണ്ടിയില്ല.

കുഞ്ഞമ്മ പറഞ്ഞു:

"ഞാൻ പോണ്. വീട്ടിച്ചെന്നിട്ട് നൂറുകൂട്ടം ജോലിയുണ്ട്!"

ഞാൻ പറഞ്ഞു:

"പൊയ്ക്കോ!"

കുഞ്ഞമ്മ പറഞ്ഞു:

"കാശ്താ!"

ഞാൻ വീണ്ടും അവളുടെ ആ കാശു മനസ്ഥിതി കളയാനായി പറഞ്ഞു:

"കുഞ്ഞമ്മേ......മേലിൽ കാശ്ശ് ചോദിക്കാതിരിക്കാമെങ്കിൽ ഞാൻ ചിന്നവേപ്പററി പറയാം."

കുഞ്ഞമ്മ പറഞ്ഞു:

"വേണ്ട; എന്തിക്കാ അസത്തിനെപ്പററി കേക്കണ്ട!"

ഞാൻ പറഞ്ഞു:

"നീ ചിൻവെ അങ്ങനെ അസത്തെന്നും മററും പറയുന്നതു് ശരിയാണോ? ചിന്നഅറിഞ്ഞാൽ......!"

"എന്നെ അങ്ങ വിഴുങ്ങിക്കളെയുമോ?"

ഞാൻ മിണ്ടിയില്ല.

കുഞ്ഞമ്മ ചോദിച്ചു:

"ചിന്നനെ എന്താ എപ്പോഴും ഓക്കുന്നതു്?"

ഞാൻ മിണ്ടിയില്ല.

കുഞ്ഞമ്മ ചോദിച്ചു.

“ചിന്നൂന്ന് വളരെ മുടിയുണ്ടോ?”

ഞാൻ പറഞ്ഞു:

“മുടി തീരെ ഇല്ല!”

കുഞ്ഞമ്മയ്ക്കു് സന്തോഷമായി. കുഞ്ഞമ്മയ്ക്കു ധാരാളം മുടിയുണ്ട്! കുഞ്ഞമ്മ ചോദിച്ചു:

“ചിന്നൂന്ന് സാരീം ബ്ലൌസുമാണോ? അതോ മുണ്ടും......?”

ഞാൻ പറഞ്ഞു:

“ചിന്നൂന്ന് സാരിയില്ല, ബ്ലൌസില്ല, മുണ്ടുമില്ല. പിറന്നപടി!”

“അയ്യേ!” കുഞ്ഞമ്മ നാണിച്ചുപോയി. കുഞ്ഞമ്മ ചോദിച്ചു:

“ചിന്നു വീട്ടിന്ന് പുറത്തിറങ്ങി എങ്ങും നടക്കാൻ പോക്കേലേ?”

ഞാൻ പറഞ്ഞു:

“തൊഴിത്തിലാണ് താമസം.”

“ഓ,” കുഞ്ഞമ്മ ചിരിച്ചു, “എന്നാപ്പിന്നെ ആ പുള്ളത്തുസ് പശുവാ!”

ഞാൻ പറഞ്ഞു:

“നീ ഒരു മണ്ടിക്കഴുതയാ. പശു എന്നല്ല, ‘പഷു’ എന്നു പറയണം!”

കുഞ്ഞമ്മ മിണ്ടിയില്ല.

ഞാൻ ചോദിച്ചു:

"കുഞ്ഞമ്മേ, നീ ഇന്നു ചെന്ന് ആ ചിന്നപ്പൂച്ചയെ തല്ലുമോ?"

"ആവോ!" അവറം പറഞ്ഞു: "വീട്ടിച്ചെന്നിട്ട് ന്തരുക്കൂട്ടം ജോലിയുണ്ട്."

ഞാൻ ചോദിച്ചു:

"നിന്നോട്ട് വല്ലവരും നില്ക്കാൻ പറഞ്ഞോ?"

"കാശ്താ! ഇന്നപ്പച്ചൻ പറഞ്ഞു, കാശ് മേടിച്ചോണ്ട് ചെല്ലണോന്ന്!"

പോകുന്നില്ല, കാശുമനസ്ഥിതി!

ഞാൻ പറഞ്ഞു:

"കുഞ്ഞമ്മേ, നീ വേറൊരു പുതിയമുദ്രാവാക്യംമുഴക്കു. ഞാനിതു കേട്ടുകേട്ട് മടുത്തു: കാശ്താ! കാശ്താ! അപ്പച്ചൻ പറഞ്ഞു കാശ് മേടിച്ചോണ്ട് ചെല്ലണോന്ന്!"

കുഞ്ഞമ്മയുടെ ചൊടിച്ചു:

"ഞാമ്പിന്നെ എന്താ അപ്പച്ചനോട്ട് പറേണ്ടതു്? കാശില്ലേ പുല്ലു കിട്ടുമോ?"

ഞാൻ പറഞ്ഞു:

"ആ മുദ്രാവാക്യവും പഴയതു്. എല്ലാ കഥയും എനിക്കറിയാം: അപ്പച്ചനുണ്ട്. അമ്മച്ചിയുണ്ട്. രണ്ടാങ്ങളമാരുണ്ട്. പന്ത്രണ്ടുകോഴി" —

"പന്ത്രണ്ടോ? ഇരുപത്തിരണ്ടുകോഴി!"

"അതേ ഇരുപത്തിരണ്ടുകോഴി ഒമ്പതു പൂച്ച—"

കുഞ്ഞമ്മ പറഞ്ഞു:

"ഇപ്പോ പൂച്ച പതിനഞ്ചായി!"

ചിന്നപ്പൂച്ചയേയും കൂട്ടിയാണോ?"

"ആവൊ!"

ഞാൻ വിളിച്ചു:

"കുഞ്ഞമ്മേ!"

"ന്താ!"

"എടീ, ആ കോഴി ഒന്നും പ്രസവിക്കാറില്ലേ?"

കുഞ്ഞമ്മ പറഞ്ഞു:

"ശ്ശോ...കോഴിക്ക് മുട്ടയാ!"

ഞാൻ ചോദിച്ചു:

"എടീ, നിനക്ക് ദിവസവും പാലിൻെറകൂടെ ഒരാ രുമുട്ടവീതം പുഴുങ്ങിക്കൊണ്ടുവന്നാലെന്താ?"

"മനസ്സില്ല!"

"ന്നാൽ വേണ്ട."

കുഞ്ഞമ്മ കുറെക്കഴിഞ്ഞു പറഞ്ഞു:

"മൊട്ടേട്ടത്താ അമ്മച്ചി തല്ലും."

ഞാൻ ഒന്നും മിണ്ടിയില്ല.

കുഞ്ഞമ്മ ചോദിച്ചു:

"രണ്ടെണ്ണം മതിയോ?"

ഞാൻ പറഞ്ഞു.

"നീ പൊയ്ക്കോ: നിനക്ക ചെന്നിട്ടു നൂറുകൂട്ടം ജോ ലിയുണ്ട്!"

കുഞ്ഞമ്മയ്ക്കു ദേഷ്യം വന്നു:

"ന്നാ ഞാൻ മൊട്ട ഒന്നും കൊണ്ടുവരിയേല; ഒന്നും കൊണ്ടുവരിയേല!"

മതപരമായ ഒരു ചടങ്ങെന്ന മാതിരി ഞാൻ കുറെ ആലോചിച്ചിട്ടു പറഞ്ഞു:

"കുഞ്ഞമ്മേ, നീ ഇന്ന് അപ്പച്ചനോടു പറയൂ, ദിവസവും പാലിൻെറകൂടെ രണ്ടു മുട്ടവീതം തന്നയയ്ക്കാൻ."

അവൾക്കതു രസിച്ചില്ല. അവൾ പറഞ്ഞു:

"മനസ്സില്ല! മനസ്സില്ല!"

ഞാൻ വിളിച്ചു:

"എടീ ചിന്നുവേ!"

അവൾ മിണ്ടാതെ ഇറങ്ങി ഓടിപ്പോയി. ഞാൻ വിചാരിച്ചു: നാളെ അവൾ മുട്ടയുംകൊണ്ടു വരും. അതവളുടെ അപ്പച്ചനോടു പറഞ്ഞിട്ടായിരിക്കുമോ? അല്ലെങ്കിൽ അവൾ കട്ടുകൊണ്ടുവരുന്ന മുട്ട ഞാൻ തിന്നുന്നതു് ഒരു വകയല്ലേ? സാംസ്കാരികമായ ഒരധഃപതനമായിരിക്കും! എന്നാലും മുട്ടയ്ക്കു രുചിക്കുറവുണ്ടാകുമോ?

അങ്ങനെ ചിന്തിച്ചുകൊണ്ടു കിടക്കുമ്പോഴാണു് ആരാധകൻെറ വരവു്! അതിപ്രകാരമാണു്:

"സാറിനെ ഒരു സാറു വിളിക്കുന്നു," എന്നുംപറഞ്ഞു കിതച്ചു വിയർത്തു് എനിക്കു പരിചയമുള്ള ഒരു രക്ഷാവണ്ടിക്കാരൻ എൻെറ മുറിയുടെ മുമ്പിൽവന്നു. ഞാൻ ചോദിച്ചു:

"ഏതു സാറു്?" അല്പംകോപത്തോടെയാണു ഞാൻ ചോദിച്ചതു്. രക്ഷാവണ്ടിക്കാരനോടുള്ള കോപമല്ല. എവിടെയോ ഇരുന്നുകൊണ്ടു ഞാൻ ചെല്ലാൻ ആജ്ഞാപിക്കുന്ന ആ സാറിനോടു്. അത്ര അധികം ഘനമുള്ളവർ എന്നെ കാണണമെന്നില്ല. എങ്കിലും ഞാൻ ചോദിച്ചു:

"ആരെടാ? എവിടെ നില്ക്കുന്നു?"

"എനിക്കു പരിചയമില്ല. ആ സാറ് എൻെറ വണ്ടിയിൽ ഇരിപ്പൊണ്ട്."

ഞാൻ പറഞ്ഞു:

"നീ ചെന്ന് ആ സാറിനോട്ട് ഇങ്ങോട്ടു വരാൻ പറയൂ."

ഏതു ഫയൽമാനാണെങ്കിലും ഇങ്ങോട്ടു വരട്ടെ അവൻ ഓടി. ഞാൻ വിചാരിച്ചു: വല്ല ഗുണവും ഉണ്ടാകുമോ? ഇന്നെങ്കിലും ഒന്നുണ്ണാൻ കഴിഞ്ഞെങ്കിൽ! വരുന്ന ആൾ ഒരു എട്ടണ എനിക്കു തന്നെങ്കിൽ! എൻെറ വായിൽ വെള്ളം നിറഞ്ഞു. ഭാവനയിൽ ചോറും കറിയും കണ്ടിട്ടാണെന്ന്, എൻെറ സുഹൃത്തേ, മനസ്സിലാക്കണം. ഞാൻ അല്പം ഉൽക്കണ്ഠയോടെ കാത്തിരുന്നു എന്നു പറയട്ടെ. (ഹമ്മോ! എനിക്കൊന്നു നിവന്നാൽ കൊള്ളാം. പക്ഷെ വയററിൻെറ മടക്കുകൾ വിണ്ടുപോയേക്കും) ഹതെ ഞാൻ വിചാരിച്ചു: വരുന്ന ആൾ ആരായിരിക്കും?

## 9

വന്നു!

അപരിചിതനായ ഒരു മാന്യൻ. സുമുഖൻ. നല്ല ആരോഗ്യമുണ്ട്. നല്ല വസ്ത്രങ്ങളാണു ധരിച്ചിരിക്കുന്നത്. മുടി പിറകോട്ടു ചീകിവെച്ചിരിക്കുന്നു. നല്ല ചൈതന്യമുള്ള കണ്ണുകൾ. ഒരല്ലലുമില്ലാത്ത മുഖഭാവം. കയ്യിൽ ഗോൾഡ്ഫ്ളേക്ക് സിഗരററിൻെറ ടിൻ. കൈത്തണ്ടിൽ സ്വർണ്ണറിസ്റ്റ്വാച്ച്. കട്ടിക്കുറാ പൗഡറും നേരി

യതായ വേറെ ഏതോ പരിമളത്തിൻേറയും ഒരു...... അതെ: മന്ദഹസിച്ചുകൊണ്ട് അദ്ദേഹം എൻെറ മുറിയിൽ കയറിവന്നു. എന്നിട്ടദ്ദേഹം മന്ദഹാസത്തോടെ ചോദിച്ചു: ഇംഗ്ലീഷിലാണ്: അതായത് ഞാനാണോ ഈ പറയുന്ന ആൾ? അപ്പോൾ ഞാനാപ്പല്ലുകൾ കണ്ടു: മുൻവശത്തെ നാലു പല്ലുകളുടെ വക്കിൽ സ്വർണ്ണം പിടിപ്പിച്ചിരിക്കുന്നു. അദ്ദേഹത്തിൻെറ ചോദ്യങ്ങൾക്കു ഞാനും ഇംഗ്ലീഷിൽത്തന്നെ മറുപടി പറഞ്ഞു. എന്നിട്ട് ഞാൻ ഈ കസേരയിൽനിന്നു പതുക്കെ എണീററു. ഇതെൻെറ സിംഹാസനമാണെന്നോർത്തുകൊള്ളണം. എന്നാലും ഞാൻ പതുക്കെ എണീററു. എന്താണെന്നോ? അദ്ദേഹം വലിയ പണക്കാരനാണെന്നെനിക്കു തോന്നി. എന്താ കാരണം? ഗോൾഡ്ഫ്ളേക്ക് സിഗററടിൻ; സ്വർണ്ണം പിടിപ്പിച്ച പല്ലുകൾ. പണക്കാരുടെ ലക്ഷണമല്ലേ? പണക്കാരെ ബഹുമാനിക്കേണ്ടതു നമ്മുടെകടമയാണല്ലൊ. അതുകൊണ്ടു തന്നെയുമല്ല. അതുപോകട്ടെ. ഞാൻ അദ്ദേഹത്തോടു പറഞ്ഞു. പറഞ്ഞതൊക്കെ ഇംഗ്ലിഷിലാണേ!

"ഇരുന്നാലും!"

അദ്ദേഹം പറഞ്ഞു:

"വേണ്ടാ, വേണ്ടാ......നിങ്ങളിരിക്കൂ."

ഞാൻ പറഞ്ഞു:

"വളരെനേരമായി ഞാൻ ഇരിക്കുകയാണ്. നിങ്ങളിരിക്കൂ. വേറെ ഇരിപ്പിടങ്ങളൊന്നുമില്ല."

അദ്ദേഹം സ്നേഹത്തോടെ ചോദിച്ചു:

"നിങ്ങളെവിടെ ഇരിക്കും?"

ഞാൻ പറഞ്ഞു:

"ഞാൻ നിലത്തിരുന്നുകൊള്ളാം. ഇങ്ങനെയാണെൻെറ പതിവ്—ആരെങ്കിലും വന്നാൽ."

അദ്ദേഹം ചിരിച്ചുകൊണ്ട് ഈ കസേരയിൽ ഇരുന്നു. ഇതിൽ അനേകായിരംപേർ ഇരുന്നിട്ടുണ്ട്. ആണും പെണ്ണും. ഇതു നിങ്ങൾ വിശ്വസിക്കണമെന്നില്ല. അദ്ദേഹം മന്ദഹാസത്തോടെ എന്നെ ഒന്നു പരിശോധിച്ചു. എന്നുപറഞ്ഞാൽ നോക്കി എന്നത്ഥം. അടിമുടി എന്നെ നോക്കി. എനിക്കു ശകലം പരിഭ്രമംതോന്നി. ഞാൻ ചമഞ്ഞൊരുങ്ങിയല്ലല്ലോ ഇരിക്കുന്നതു്. എനിക്കുനന്നായി അറിയാം. ഞാൻ നന്നേ ക്ഷീണിച്ചു പരവശനായിട്ടുണ്ട്. വളരെദിവസമായല്ലോ എൻെറ ഉള്ളിലേയ്ക്കു കാര്യമായി ഒന്നും ചെല്ലാഞ്ഞിട്ട്. ജഠരാഗ്നി അണഞ്ഞുപോയി. എങ്കിലും...അതെ—എനിക്കറിയാം—എൻെറ ചുണ്ടുകൾ വരണ്ട് ഉണങ്ങിയിരിക്കുന്നു. കണ്ണുകളുടെ കഥയും പോകട്ടെ. എൻെറ സുഹൃത്തേ, ഞാൻ കഷ്ടപ്പാടുകളുടെ ഒരു പട്ടിക ഇവിടെ തയ്യാറാക്കുകയല്ല. ഒരു കഥ എഴുതുന്നു. എന്തിന്? ചുമ്മാ. ചുമ്മാ. ഒരു കഥ ചുമ്മാ. അല്ലെങ്കിൽ നിങ്ങൾക്കൊരെഴുത്ത്. അത്രേയുള്ളു. അദ്ദേഹം വന്നതിനുശേഷം എന്തുണ്ടായി, എന്നല്ലേ?

*          *          *

അതെ, അദ്ദേഹം എന്നോടു ചോദിച്ചു:

"ഞാൻ ബുദ്ധിമുട്ടിക്കുകയല്ലല്ലോ?"

ഞാൻ പറഞ്ഞു:

"അല്ല."

അദ്ദേഹം പറഞ്ഞു:

"എനിക്കു കാര്യമായി ചിലതു സംസാരിക്കാനുണ്ട്. വണ്ടിക്കാരനെ വിട്ടയയ്ക്കുന്നതല്ലേ നല്ലതു്?"

ഞാൻ പറഞ്ഞു:

"അതെ."

അദ്ദേഹം ചോദിച്ചു:

"കൂലി എന്തുകൊടുക്കണം?"

ഞാൻ വണ്ടിക്കാരനോടു ചോദിച്ചു:

"എവിടന്നാണ്."

വണ്ടിക്കാരൻ ഹോട്ടലിൻെറ പേരു വളരെ ബഹുമാനത്തോടെ പറഞ്ഞു:

"..............."

ഓ......അതു് വലിയ ഹോട്ടലാണ്. വലിയ ഉദ്യോഗസ്ഥന്മാർ, വലിയ രാഷ്ട്രീയനേതാക്കന്മാർ, വലിയ പണക്കാർ അങ്ങനെവലിയവർ ഈ പട്ടണത്തിൽവന്നാൽ, അവിടെയാണ് താമസിക്കുന്നതു്. ഇവിടെന്ന് ഒന്നരഫർലാങ്ങേയുള്ളു. ഒരു രണ്ടണ കൊടുത്താൽ ധാരാളം മതിയാകും. ഞാൻ പറഞ്ഞു:

"നാലണ കൊടുത്തേയ്ക്കു."

അങ്ങനെ പറയാൻ കാരണം, അവൻ പാവപ്പെട്ട ഒരു തൊഴിലാളിയായതുകൊണ്ടു മാത്രമല്ല. എന്നോട് അവന് കുറച്ചുകൂടുതൽ ബഹുമാനം തോന്നട്ടെ. ഇനി എന്നെ കാണുമ്പോൾ കുറേക്കൂടി ബഹുമാനത്തോടെ സലാം വെയ്ക്കുമല്ലോ.

പക്ഷെ, വണ്ടിക്കാരന് കൊടുക്കാൻ അദ്ദേഹത്തി

ൻെറ പക്കൽ ചില്ലറ ഇല്ല! ചില്ലറ കൊണ്ടുനടക്കുന്നതു് അന്തസ്സിന്ന പോരാത്തതെന്ന മട്ടിലാണോ അദ്ദേഹം പറഞ്ഞതു്?

*  *  *

എന്തോ, അദ്ദേഹം പറഞ്ഞു:

"ചില്ലറ ഒന്നും ഇല്ലല്ലോ!"

തന്നെയുമല്ല. വളരെ വീൎത്ത ഒരു കവർ പോക്കററിൽനിന്നു് എടുക്കുകയും ചെയ്തു. അതിൽനിന്നു് നൂറിൻേറയും പത്തിൻേറയും അഞ്ചിൻേറയും കുറേ ഏറെ നോട്ടുകളും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഞാൻ എന്താണു ചെയ്യേണ്ടതു്? നാലണ ഞാൻ വണ്ടിക്കാരനു കൊടുക്കണം. അതാണു നാട്ടുനടപ്പു്. പക്ഷേ, എൻെറ പക്കൽ ഒന്നുമില്ലെന്നുള്ള രസകരമായ പരമാൎത്ഥം അദ്ദേഹത്തെ അറിയിക്കുന്നതു് എൻെറ അന്തസ്സിന്ന പോരാത്തതല്ലേ?

അദ്ദേഹം പാൽക്കുപ്പി കയ്യിലെടുത്തു. "ഇതിന്ന വളരെ ചൂടുണ്ടല്ലോ."

ഞാൻ പറഞ്ഞു:

"ഇപ്പോഠം കൊണ്ടുവന്നേയുള്ളു. വേണമെങ്കിൽ കുടിക്കാം!"

"ഓ......!" അദ്ദേഹം മന്ദഹസിച്ചു; എന്നിട്ടു പറഞ്ഞു: "ഞാൻ പാലുകുടിക്കാറില്ല!"

"ചായ വരുത്തട്ടെ?" ഞാൻ പരിഭ്രമത്തോടെ ഓൎക്കാതെ ചോദിച്ചുപോയി! കൂടെത്തന്നെ ദൈവത്തോടു് ഞാൻ പ്രാൎത്ഥിക്കുകയും ചെയ്തു. എൻെറ സുഹൃത്തേ,

ഞാൻ ദൈവത്തോട് എന്തെങ്കിലും പറഞ്ഞിട്ട് വളരെ കാലമായി. എന്താ പറയാനുള്ളത്? ദൈവത്തിന് എല്ലാ കഥയും അറിയാം. എങ്കിലും ഞാൻ ഹൃദയം നൊന്തു് പ്രാൎത്ഥിച്ചു: "ദൈവമേ! അദ്ദേഹത്തിനു ചായ വേണ്ടെന്നു പറയണേ!"

അദ്ദേഹം പറഞ്ഞു:

"ചായ വേണ്ട."

ഞാൻ ചോദിച്ചു:

"കാപ്പി?"

ദൈവമേ, ചതിക്കല്ലേ!

അദ്ദേഹം പറഞ്ഞു:

"വേണ്ട."

* * *

ഞാൻ ചോദിച്ചു:

"കൂൾഡ്രിങ്ക്സ് എന്തെങ്കിലും?"

സൎവ്വശക്തനായ ദൈവമേ! ഇതിലും എന്നെ രക്ഷിക്കണേ!

അദ്ദേഹം പറഞ്ഞു:

"വേണ്ട."

ഹാവൂ! ഞാൻ മാന്യനായിരിക്കുന്നു. എനിക്കിനി അദ്ദേഹത്തിൻെറ മുഖത്തു നോക്കാം!

രക്ഷാവണ്ടിക്കാരൻ ചോദിച്ചു.

"സാറേ.........?"

ഞാൻ പറഞ്ഞു:

"എൻെറ പക്കലും ചില്ലറയില്ല."

പത്തിൻേറയും അഞ്ചിൻേറയും നൂറിൻേറയും നോട്ടുകളുടെ കെട്ടുകൾ മാത്രമേ എൻെറ പക്കലുമുള്ളു എന്ന ഭാവത്തിലാണു് ഞാൻ പറഞ്ഞതു്. തന്നെയുമല്ല: എൻെറ മനസ്സിൽ രസകരമായ ഒരു ചിന്തയും കടന്നുകൂടി. ചെടികളുടെ ചുവടിളക്കാനുള്ള ഇരിമ്പുപാര മൂലയിൽ ചാരിനില്ക്കുന്നതു് കണ്ടപ്പോഴാണു് എനിക്കതു തോന്നിയതു്. ഞാൻ വിചാരിച്ചു: ഇറങ്ങിച്ചെന്നു് വണ്ടിക്കാരനോടു് രഹസ്യം പറഞ്ഞിട്ടു് കയറിവന്നു് ഇരുമ്പുപാരകൊണ്ടു് അദ്ദേഹത്തിൻെറ തല അടിച്ചുപൊളിച്ചു് കൊല്ലാം. ആരും അറികയില്ല. ആ നോട്ടുകളുടെ കെട്ടുകൾ എടുക്കാം. രക്ഷാവണ്ടിക്കാരൻെറ സഹായത്തോടെ സന്ധ്യക്കദ്ദേഹത്തെ പറമ്പിൽ കുഴിച്ചുമൂടുകയും ചെയ്യാം. ഞാൻ വിചാരിച്ചു, ആ പല്ലുകളിൽ പിടിപ്പിച്ചിരിക്കുന്ന സ്വർണ്ണം എടുത്തിട്ടുവേണമോ, അതോ എടുക്കാതെയോ?

## 10

സുഹൃത്തേ......ഈ എഴുത്തു ഞാൻ അവസാനിപ്പിക്കുകയാണു്. പലതും പറയണമെന്നുണ്ടായിരുന്നു. വയ്യ. നന്നെ ക്ഷീണവുമുണ്ടു്. എൻെറ വയററിൽ കിടക്കുന്ന ഈയ്യത്തിൻെറ ഗോളവും മുൾക്കെട്ടുമെല്ലാം എന്താണെന്നും എങ്ങനെ വന്നുവെന്നും അറിയണമോ? എൻെറ ആരാധകൻെറ സംഭാവന!

അദ്ദേഹത്തെ ഞാൻ കൊന്നില്ല. ഞങ്ങൾ തമ്മിൽ

വളരെനേരം സംസാരിച്ചു. തൊഴിലാളിനേതാവ്, സിനിമാനടൻ, നത്തകി, അവരേപ്പററി പറഞ്ഞതും ഞാൻ വിട്ടുകളയുകയാണ്.

അനേകദിവസമായി ഞാൻ വല്ലതും കഴിച്ചിട്ട് എന്നുള്ള സംഗതി നിങ്ങൾ ഓക്കണം. എൻെറ ആരാധകനോട്ട് എട്ടണ കടംതരാൻ ......ഇല്ല ഞാൻ ചോദിച്ചില്ല.

അദ്ദേഹം ഇരുപത്തിഏഴോ, എഴുപത്തിരണ്ടോ രൂപാ എനിക്കുവേണ്ടി ചെലവാക്കി. അതാണീ ഈയ്യത്തിൻെറ ഗോളവും മററും. നിങ്ങൾക്ക് വിശ്വാസം വരുന്നില്ലെങ്കിൽ സംഗതി വ്യക്തമായിപ്പറയാം.

അദ്ദേഹം എന്നെ സിനിമയ്ക്കു ക്ഷണിച്ചു. ഞാൻ കണ്ടിട്ടുള്ള കഥയാണ്. അതും അറുവഷളൻ കഥ. തറയിലിരുന്നുമാണ് കണ്ടതു്. ഇന്നത്തെ ഒരു സാഹിത്യകാരനു തറടിക്കററുകാരനാവാൻപോലും.....പോകട്ടെ: കഥ തുടരാം: ഞാൻ പോയി: ഒരു വയറു ചോറിനാണെന്നോക്കണം.

സിനിമാശാലയിലേക്കു പോയതു് നടന്നൊന്നുമല്ല. രണ്ടു രക്ഷാവണ്ടികളിൽ. ഗോൾഡ്ഫ്ളേക്കു സിഗരററും വലിച്ച് ഗമയിൽ.

അദ്ദേഹം പറഞ്ഞു:

"അത്ഭുതംതന്നെ! ഇതിപ്പോൾ യാചകരുടെ പട്ടണമായിരിക്കുന്നു!"

ഞാൻ പറഞ്ഞു:

"കൊലപാതകികളുടെ.....അതായതു്.....ചട്ടാളുക്കാരുടെ പട്ടണം!"

അദ്ദേഹം ചോദിച്ചു:

"ഇതിപ്പോഴെങ്ങാനും ബോംബു ചെയ്യുമോ?"

ബോംബു ചെയ്താലെന്തു്, ചെയ്തില്ലെങ്കിലെന്തു്...

* * . *

ഞാൻ വിചാരിച്ചു, എൻെറ ഈ പോക്കു് കുഞ്ഞമ്മ കണ്ടിരുന്നെങ്കിൽ, എന്നെ പരിചയമുള്ളവർ ആരെങ്കിലും കണ്ടിരുന്നെങ്കിൽ.....പക്ഷേ അവർ സംശയിച്ചേനേ: ആ പോക്കിലെന്തോ മറിമായമുണ്ടു്: അതു വിശ്വസിക്കാൻ പാടില്ല! എന്നാൽ പരിചയക്കാരെആരേയും കണ്ടില്ല: ഞങ്ങൾ ഗമയിൽ സിനിമാശാലയുടെ മുമ്പിൽ ചെന്നിറങ്ങി. തറട്ടിക്കററു വാങ്ങാൻ ജനങ്ങൾ ബഹളം കൂട്ടുന്നു. യാചകന്മാർ ഇടയ്ക്കു് യാചിക്കുന്നുണ്ടു്: വണ്ടിക്കാരു് പ്രതീക്ഷയിലും കവിഞ്ഞു പണം കിട്ടി. ബഹുമാനത്തോടെ അവരിൽ ഒരുവൻ എനിക്കു സലാം വെച്ചു. എൻെറ ആരാധകൻ ചെന്നു് രണ്ടു ടിക്കററു വാങ്ങി: തറട്ടിക്കററുകളല്ല. ബെഞ്ചുമല്ല, കസേരയുമല്ല. സാക്ഷാൽ ബാൽക്കണി ടിക്കററുകൾ!......ഞങ്ങൾരണ്ടുപേരും മുകളിൽക്കയറി. ബാൽക്കണിയിൽ രണ്ടു സോഫകളിലായി ഇരുന്നു. സത്യം പറയാമല്ലോ. എനിക്കു് തറഭാഗത്തേക്കോ ബെഞ്ചുഭാഗത്തേക്കോ നോക്കാൻ നാണം തോന്നി. എൻെറ പരിചയക്കാർ കണ്ടാൽ.....ശുദ്ധനുണയാണതു്.....ആ മനുഷ്യനെങ്ങനെയാണു് അവിടെ ഇരിക്കാൻ സാധിക്കുന്നതു്? അയാൾ ഒരു സാഹിത്യകാരനല്ലേ? അങ്ങനെ സംശയിക്കുമെന്നതന്നെയല്ല, പോലീസിൽ അറിവുകൊടുത്തേക്കുമെന്നുപോലും ഞാൻ ഭയ

പ്പെട്ടു. അങ്ങനെ ക്രൂക്കിവിളിതുടങ്ങി. എന്നെ കണ്ടിട്ടല്ല. സാധാരണ സിനിമാശാലകളിലെ ജനങ്ങളുടെ ക്രൂക്കിവിളി. തറഭാഗത്തുനിന്നാണ് അധികവും. ബന്ധുകാരും കസേരക്കാരും ഉണ്ടായിരിക്കും. എനിക്കും ചൂളയടിക്കണമെന്നും "ഹ്ലൂ ഹ്ലൂ!" എന്നു ക്രൂകണമെന്നും തോന്നി. തറയിൽവെച്ചു ഞാനതു ചെയ്തിട്ടുണ്ട്. ജനങ്ങൾ ചൂളയടിക്കുമ്പോഴും, ജനങ്ങൾ ക്രൂകുമ്പോഴും ഞാനും അതിൽ പങ്കുചേർന്നിട്ടുണ്ടെന്നു സാരം:, ഒരപൂൎവ്വ സംഭവമായിരിക്കും: ബാൽക്കണിയിൽ ഇരുന്ന് ഒരുവൻ ക്രൂവുക, ചൂളയടിക്കുക.....അങ്ങനെയുള്ള ആഗ്രഹം ഞാൻ അടക്കി. അങ്ങനെ സിഗരററും വലിച്ച് ഇരുന്നു. ഒടുവിൽ എന്തിന് മണി ആറരയായി. വിളക്കുകൾ അണഞ്ഞു. ഹാളിൽ ഇരുൾ നിറഞ്ഞു. തിരശ്ശീലയിൽ ദീർഘചതുരത്തിൽ വെള്ളത്തുണി തെളിഞ്ഞു. അതിൽ 'നിശബ്ദം' എന്നു കണ്ടു. അതോടെ ജനങ്ങളുടെവക ഭയങ്കരമായ ക്രൂവൽ! പിന്നെ പരസ്യങ്ങളുടെ വരവായി. എല്ലാററിലും സ്ത്രീകളുടെ പടമുണ്ട്. ബാങ്ക്ബ്രാണ്ടി, ഉണക്കമീൻ, കുമ്മായം, ഗ്ലൂസ്സി, സോപ്പ്, മരുന്നുകൾ, ഫൌണ്ടൻപേന, അറപ്പുവാൾ.....അങ്ങനെ പരസ്യങ്ങൾ. സ്ത്രീകളുടെ ചിത്രങ്ങൾ ഇല്ലെങ്കിൽ പരസ്യത്തിനു വല്ല കുറച്ചിലുമുണ്ടോ? അറപ്പുവാൾ ആരും വാങ്ങുകയില്ലേ?

* * *

ഹാവൂ! ഒടുവിൽ സിനിമാ തുടങ്ങി: ഞാൻ കണ്ണടച്ചു. യുദ്ധത്തെപ്പററി വിചാരിച്ചു: ക്ഷാമത്തെപ്പററി വിചാരിച്ചു. ആളുകൾ പട്ടിണി കിടക്കുന്നതിനെപ്പററി വിചാരിച്ചു. ചുമ്മാ മതപരമായ ഒരു ചടങ്ങെന്നു മാതിരി

വിചാരിച്ചു, എന്നു വിചാരിച്ചാൽ മതി. പക്ഷേ, കൂടെ കൂടെയുള്ള ജനങ്ങളുടെ കൈയ്യടി സിനിമാശാലയെ വിറപ്പിച്ചുകൊണ്ടിരുന്നു.

"എന്തൊരു മണ്ടക്കഴുതകളാണീ ജനങ്ങഠം! നോക്കൂ. ബുദ്ധിയില്ല, ഭാവനയില്ല, അമ്പ, കൈകൊട്ടുന്നു!"

ഞാൻ ചോദിച്ചു:

"എന്താ തന്നാത്താൻ വത്തമാനം പറയുന്നതു്?"

എൻെറ ആരാധകൻ പറഞ്ഞു:

"കണ്ടോ അവന്മാരുടെ ഒരു രസം?"

ഞാൻ ചോദിച്ചു.

"ഫിലിം എങ്ങനെ?"

"ഫോട്ടോഗ്രാഫി തരക്കേടില്ല; ആക്ററും മോശമല്ല—കഥ അറുവഷളൻ."

"ബോക്സാഫീസ് സക്സസാണ്." ഞാൻ മനസ്സിൽ പറഞ്ഞു.

ഞങ്ങഠം അങ്ങിനെ ഇറങ്ങി. ഫിലിം അവസാനിച്ചപ്പോഴാണ്. 'ഗുഡ്നൈററ്. അടുത്തു കാണാം' എന്നുംപറഞ്ഞു് അദ്ദേഹം പോകുമെന്നു ഞാൻ ഭയപ്പെട്ടു. അദ്ദേഹം അങ്ങനെ പോയിരുന്നെങ്കിൽ—ഇപ്പോഴത്തെ ഈ കുഴപ്പം ഉണ്ടാവുകയില്ലായിരുന്നു. എന്താണെന്നോ സംഭവിച്ചതു്?

* * *

അദ്ദേഹം താമസിക്കുന്ന ആ വലിയ ഹോട്ടലിൻെറ മുമ്പിൽ ഞങ്ങഠം എത്തി. ടൌണിൽ വെളിച്ചം പാടില്ലല്ലോ. എങ്കിലും നല്ല നിലാവുണ്ട്. ഞാൻ വിചാരി

ച്ചു, എട്ടണ ചോദിച്ചാലോ?... വേണ്ട അഭിമാനം പുല ത്തണം. ഞാൻ പറഞ്ഞു:

"ഗുഡ്നൈററ്; അടുത്തു കാണാം. താങ്ക്സ് ഫാർദ സിനിമ."

അദ്ദേഹം പറഞ്ഞു.

"നോ നോ! വല്ലതും കഴിച്ചിട്ടു പോകാം."

ഞാൻ പറഞ്ഞു.

"ഒന്നും വേണ്ട."

അദ്ദേഹം പറഞ്ഞു.

"ചെര, വരൂ; എന്തെങ്കിലും ലഘുവായി ഒന്നു കഴി ച്ചിട്ടു പോകാം."

ഞാൻ വിചാരിച്ചു, ഇനി വേണ്ടെന്നു പറഞ്ഞാൽ അദ്ദേഹം പിന്നെ വിളിച്ചില്ലെങ്കിലോ? ഞാൻ ചെന്നു. ഞങ്ങൾ ആ വലിയ ഹോട്ടലിൽ കയറി. എനിക്ക് ഒരു വ ലിയ സഭാകമ്പംപോലെ ഉണ്ടായി. ഒന്നാമത്ത് ആ ഗേ റുകീപ്പർ എന്നെ വല്ലാതെ സൂക്ഷിച്ചുനോക്കി. യോഗ്യ ന്മാർ പോകുന്നിടത്ത് ഇവനെന്താ കാര്യം, എന്ന മട്ടി ലാണ്. എനിക്കയാൾ സെലാംവെച്ചില്ല. ഞാനിതു പ്ര ത്യേകം നോട്ടുചെയ്യുവാൻ കാരണം, എൻെറ ആരാധക ന് സെലാംവെച്ചു. എനിക്കുകൂടി സെലാംവെച്ചാൽ അവ നെന്താ നഷ്ടം?

*　　　*　　　*

ആരാധകൻെറകൂടെ ഞാൻ ഹോട്ടലിൽ കയറി. അ തിനകം രണ്ടുലോകമാണ്. ഹാളിൽ ജനങ്ങൾ ഇരുന്നു സാത്വീകമായ ആഹാരം കഴിക്കുന്നു. അവരുടെ ഇട

യിലൂടെ ഞങ്ങഠം നടന്നു. മറെറാരു വാതിൽ, അവിടെ ചില രഹസ്യംപറച്ചിലുകഠം കഴിഞ്ഞു വാതിൽ തുറന്നു. മഹായോഗ്യന്മാർ തിന്നുകയും കുടിക്കുകയും ചെയ്യുന്നു. കത്തികഠം, മുള്ളുകഠം, കുപ്പികഠം, ഇറച്ചി, റൊട്ടി, അതിൻെറയൊക്കെ മുമ്പിൽ പുരുഷന്മാർ മാത്രമല്ല, സ്ത്രീകളുമുണ്ട്. ആൎക്കും ലക്കില്ല, എന്നെനിക്കു തോന്നി. ലഹരിയുടെ ഒഴുക്കിൽക്കൂടി ഞങ്ങഠം പോകുകയാണെന്നെനിക്കു തോന്നി. എൻെറ ആരാധകൻ പൊൻപല്ലുകഠം കാണിച്ചു ചിലരെ നോക്കി മന്ദഹസിച്ചു.

അദ്ദേഹം എന്നോടു ചോദിച്ചു:

"ഹോട്ട് ഓർ കോഠംഡ്?"

ചൂടുള്ളതോ തണുത്തതോ എന്നു ചോദിച്ചാൽ എന്താണൎത്ഥം? ഞാൻ പറഞ്ഞു:

"എന്തെങ്കിലും."

ഞങ്ങളപ്പോഠം ഒരു ചെറിയ മേശയുടെ അപ്പുറത്തും ഇപ്പുറത്തും രണ്ടു കസേരകളിൽ ഇരിക്കുകയാണെന്നോൎക്കണേ. തലപ്പാവും മറവും ധരിച്ച ഒരു ബട്ട്ളർ വണക്കത്തോടെ ഞങ്ങളുടെ അട്ടുത്തുനില്ക്കുന്നുണ്ടെന്നും ഓൎക്കണം. അദ്ദേഹം ബട്ട്ളറോടു പറഞ്ഞു:

"ഒരു സ്ക്രീൻ കൊണ്ടുവരൂ."

"എസ്സാർ" എന്നും പറഞ്ഞു് അയാഠം പോയി. സ്ക്രീൻ എന്നു പറഞ്ഞാൽ മറ അല്ലെങ്കിൽ തട്ടി, എന്താണെന്നു എനിക്കറിയാമെങ്കിലും സത്യമായും ഞാൻ പറയുന്നു. ഞാൻ വിചാരിച്ചു, എന്തോ തീററിസ്സാധനത്തിൻെറ പേരാണ്. എൻെറ വായിൽവെള്ളം നിറ

ഞ്ഞു എന്നോർത്തുകൊള്ളണം. എന്നാൽ എന്താ പറയേണ്ടതു്! ബട്ട്ളർ ഒരു വലിയ സ്ക്രീൻ താങ്ങിക്കൊണ്ടുവന്നു് മററുള്ളവരിൽനിന്നു ഞങ്ങളെ ഒററപ്പെടുത്തി. അദ്ദേഹം ആ ബട്ട്ളരെ വിളിച്ചു് എന്തെല്ലാമോ രഹസ്യം പറയുന്നതു കേട്ടു. ബട്ട്ളർ പോയി. ഉല്ലൊണ്ടു. ഞാൻ അങ്ങനെ ഇരുന്നു. ഒരഞ്ചുമിനിട്ടു കഴിഞ്ഞില്ല, കത്തികളും, മുള്ളുകളും സഹിതം തീപറക്കുന്ന എന്നുപറഞ്ഞാൽ ചൂട്ടു് പറക്കുന്ന രണ്ടുകോഴികൾ ഞങ്ങളുടെ മുമ്പിൽ ഹാജരായി. പൊരിച്ച കോഴിയാണു്. പിന്നെ റൊട്ടികളും, ഉരുളക്കിഴങ്ങു് വലിയ കഷണങ്ങളായി വെച്ചതും, ഞാൻ ഒരു കടുവായേപ്പോലെ മുരങ്ങിക്കൊണ്ടു കടിച്ചുകീറിത്തിന്നില്ല. വായിൽ കപ്പലോടിക്കാൻ മാത്രം വെള്ളം നിറഞ്ഞു. സംസ്കാരത്തോടെ അനങ്ങാതിരുന്നു. ആരാധകൻ അനങ്ങാതിരിക്കയാണു്. ഇനിയും എന്തോ വരാനുണ്ടു്. എന്താണതു്? ദാ വന്നിരിക്കുന്നു: രണ്ടു വലിയ ഗ്ലാസുകളിൽ മഞ്ഞദ്രാവകം! നമ്മുടെ ചുക്കുവെള്ളം പോലെ. പക്ഷെ മുകളിൽ നിറയെ പതയുണ്ടെന്നുമാത്രം. ഞങ്ങൾ തീററതുടങ്ങി. എൻെറ പരിഭ്രമവും എൻെറ ഛവവലാതിയുമൊക്കെ നിങ്ങൾ ഊഹിച്ചുകൊള്ളുക. ഞാൻ ചവച്ചും ചവയ്ക്കാതെയുമൊക്കെ വിഴുങ്ങിക്കൊണ്ടിരുന്നു. അപ്പോഴത്തേയ്ക്കും എന്തെങ്കിലും കുടിക്കണമെന്നു തോന്നി. ഗ്ലാസ്സിൽ ഇരിക്കുന്നവൻ ആരാണെന്നൊന്നും ചോദിച്ചില്ല. ഞാൻ ഗ്ലാസ് കയ്യിലെടുക്കാൻ ഭാവിച്ചു. എൻെറ ആരാധകൻ തൻെറ ഗ്ലാസ് എടുത്തു് എൻേറതിൽ 'ക്ല്ലം' എന്നു മുട്ടിച്ചു. അദ്ദേഹം ചിരിച്ചു. ഞാനും ചിരിച്ചു. ഞാൻ ഗ്ലാസ്സ് കയ്യിലെ

ടുത്തു. അതിന്റെ തണുപ്പ് എന്റെ അസ്ഥികളും കഴിഞ്ഞു മജ്ജയിൽ ചെന്നു. ഞാൻ വിചാരിച്ചു, തണുപ്പുള്ളവനാണ്. നാരങ്ങാവെള്ളമായിരിക്കും. തലപ്പാവുപോലെ നാരങ്ങാവെള്ളത്തിനു പതയില്ല. എങ്കിലും മധുരമുണ്ടായിരിക്കും. ഞാൻ ഒരിറക്കു കുടിച്ചു. എന്താ പറയുക? ഭയങ്കര ചവർപ്പ്, പുളി...അല്ല കയ്പ്! ഇതെന്തെടാ! അങ്ങനെ ആലോചിക്കുമ്പോഴും ഒരു തമാശയുണ്ടായി. എന്നോടു വളരെ ഇഷ്ടമുള്ള ദുർബലമായ ഒരു ഷൈത്താൻ, അതായത് ഒരു പിശാച്,പെണ്ണോ ആണോ എന്നറിഞ്ഞുകൂടാ, കേട്ടോ, എന്റെ ഉള്ളിൽ കടന്നതായി എനിക്കു തോന്നി. ബലമായ ഒരു തോന്നലല്ല. തോന്നലിന്റെ ഒരു നിഴൽ. എനിക്കു ചിരിക്കണമെന്നു തോന്നി. ഞാൻ ചിരിച്ചു. ഞാൻ ചോദിച്ചു:

"എന്താണിത്?"

* * *

എന്റെ ആരാധകൻ ചിരിച്ചു. അദ്ദേഹം പറഞ്ഞു:

"നിങ്ങൾ ഇതെല്ലാം കഴിക്കുന്ന ആളാണെന്നു കേട്ടിട്ടുണ്ടല്ലോ?"

ഞാൻ പറഞ്ഞു:

"ഇത്തരം ഗുട്ടൻസ് ഞാൻ കഴിച്ചിട്ടില്ല."

"നേരോ?"

ഞാൻ പറഞ്ഞു:

"നേരു്."

"എന്നാൽ അതു്" അദ്ദേഹം ഗ്ലാസ്സിലുള്ളതിന്റെ പേരു പറഞ്ഞു:

"....."

"ഞാൻ കേട്ടിട്ടുണ്ടു്."

"അതെ: ആരോഗ്യത്തിന് നന്ന്."

ഞാൻ പണ്ട് മദ്യഷാപ്പു പിക്കററുചെയ്ത കഥ ഓ ത്തു. എൻെറ കാലിൻെറ കണ്ണയിൽവന്നു വീണു പൊട്ടി യ കുപ്പിയുടെ......ഞാൻ ചോദിച്ചു:

"ഇതു ആ വർഗ്ഗത്തിൽ...?"

"വളരെ പാവപ്പെട്ട ഒരംഗമാണ്: നിർദ്ദോഷി."

ഞാൻ കോഴിയുടെ തുട ചവച്ചിറക്കിക്കൊണ്ട് ഒററ വലിക്ക് ഗ്ലാസ്സ് കാലിയാക്കി. വീണ്ടും ഗ്ലാസ്സ നിറഞ്ഞു. അതും ഞാൻ കാലിയാക്കി. അങ്ങനെ തിന്നും കുടിച്ചും ഇ രിക്കുമ്പോൾ വീണ്ടും ഗ്ലാസ്സ വന്നു. പതയില്ല. നിറത്തി നൊരു മാററം. ഞാൻ ഒരിറക്കു കുടിച്ചു. ഒരു ആയിരം സൂക്ഷ്മങ്ങളായ ശൂലംവെച്ചു കുത്തുന്നതുപോലെ തോന്നി ഞാൻ ചോദിച്ചു:

"ഇവൻ മററവനല്ലേ?"

*　　　*　　　*

അദ്ദേഹം പേരുപറഞ്ഞു:

"ഇവൻ......!"

ഞാൻ പറഞ്ഞു:

"പാവപ്പെട്ടവനല്ല!"

"അല്ല, ഇവൻ നല്ല തൻേറടമുള്ളവനാണ്; തറ വാടി."

ഈ വിധത്തിൽ തറവാടിയായ ആ ചൈത്താനും എൻെറ ഉള്ളിൽ കടന്നു. മണിക്കൂറുകൾ അങ്ങനെ പോ യി. എനിക്കു നല്ല ഉത്സാഹവും ആനന്ദവും തോന്നി. ആ

കെക്കൂടി ഞാൻ കുതിൎന്നവീൎത്തതുപോലെ. തറവാടികളായ പലരും ഗ്ലാസിലൂടെ എൻെറ അകത്തായി. ഞാൻ പറഞ്ഞു: പറയുമ്പോൾ വാക്കുകളെല്ലാം അലുത്തുപോകുന്നതുപോലെ. . .ഞാൻ പറഞ്ഞു:

"മസി."

അദ്ദേഹം പറഞ്ഞു:

ഛായ് തുടംഗിയേയുള്ളൂ. ബോയി!"

"യസ്സാർ."

"ഷെരുനാരംഗാ, ഫച്ചമുളഗ്, ഉഫ്."

"യസ്സാർ."

അതു വന്നു. പച്ചമുളക് ഉപ്പിൽ ഞെരടി അതിൽ ചെറുനാരങ്ങാനീരൊഴിച്ചു. രണ്ടു പ്ലേററുകളിൽ, ഒന്ന് എൻെറ മുമ്പിലേയ്ക്കു നീക്കി.

"തൊട്ടു നാവിൽവെച്ചു നോക്ക്. എൻെറ 'മാസ്റ്റർ പീസാ'ണ്."

ഞാൻ തൊട്ടുനോക്കി. ഭേഷ്! ഹമ്പടാ ആ എരിവും, പുളിയും, ഉപ്പും. . .ദാഹം. . .

പിന്നെയും വന്നു ഗ്ലാസ്സുകൾ, ആട്ടിറച്ചി, റൊട്ടി. ഞാൻ ലക്കില്ലാതെകുടിച്ചു; ലക്കില്ലാതെ തിന്നു. (എൻെറ സുഹൃത്തേ,ക്ഷമിക്കണേ! ഒന്നും ദഹിച്ചിട്ടില്ല. മണൽചാക്കുപോലെ, ഈയ്യത്തിൻെറ ഗോളത്തിൽചുററിയ മുൾക്കമ്പികൾപോലെ. കരിങ്കൽ കഷണങ്ങൾപോലെ. . .ഹോ എല്ലാം കിടക്കുന്നു. ഞാൻ കാഞ്ഞുപോകുമെന്നാണ് തോന്നുന്നത്. ക്ഷമിക്കണേ, മുഴുവനും പറയാം.) തിന്നും

കുടിച്ചും തൊട്ടുനക്കിയും അങ്ങനെ ഇരിക്കുമ്പോഠം ഞാൻ ഉമർഖയ്യാമിനെപ്പററി ഓർത്തു. എൻെറ ഒരുകന്ന ബന്ധുവാണ്. അദ്ദേഹം വയിനിനെപ്പററി പാടിയിട്ടുണ്ട്. ഈ ബഹളത്തിൽ ശകലം വൈനും കുടിച്ചുകളയാമെന്ന് ഞാൻ വിചാരിച്ചു. ഞാൻ ചോദിച്ചു:

"ഉമർഖയ്യാമുണ്ടോ ഇവിടെ?"

* * *

എൻെറ ആരാധകൻ പറഞ്ഞു:

"നിങ്ങഠം നല്ല സിമ്പിരിയായി."

എനിക്കു ചിരിവന്നു. അദ്ദേഹത്തിൻെറ മുഖം ചുവന്നും കണ്ണുകഠം കുഞ്ഞായും ഇരിക്കുന്നു. ഞാൻ പറഞ്ഞു:

"നിങ്ങളുടെ കണ്ണുകഠം കുഞ്ഞായിരിക്കുന്നു!"

അദ്ദേഹം ചിരിച്ചു:

"നിങ്ങളുടേയും!"

ഞാൻ പറഞ്ഞു:

"ഞാൻ പോകട്ടെ?"

അദ്ദേഹം ചോദിച്ചു:

"നിങ്ങഠം ചോദിച്ചതാരെയാ?"

"വൈൻ."

"ബോയി!"

"യെസ്സാർ."

"വൈൻ!"

വൈൻ വന്നു. കരിഞ്ചുമപ്പ്. സുന്ദരിയായ സ്ത്രീയെപ്പോലെ മധുരവും കുത്തലുമുണ്ട്. അദ്ദേഹം വത്തമാനം

പറഞ്ഞു. എനിക്ക് ഒന്നും മിണ്ടാതെ ചുമ്മാ ഇരിക്കാനാണ് തോന്നിയത്. ഞാൻ പറഞ്ഞു:

"ഞാൻ പോകുന്നു."

അദ്ദേഹം ബില്ലുകൊണ്ടുവരാൻ പറഞ്ഞു. ബട്ട്ളർ ഒരു താലത്തിൽ ബില്ലുകൊണ്ടുവന്നു. ഇരുപത്തിയേഴ് എന്നോ എഴുപത്തിരണ്ട് എന്നോമറേറാ ഒരു സംഖ്യ ഞാൻ കണ്ടു. നല്ല തീർച്ചയില്ല. അതു കുറഞ്ഞുന്നതായി എനിക്കു തോന്നി. ഞങ്ങൾ എണീററു. അദ്ദേഹം പറഞ്ഞു:

"തമാഷക്കഥ എഴുതണം. കോമടി. ഞാ വെള്ളപ്പിനെ പോഗും അയച്ചുമോ?"

"അയഗ്ഗാം. ഗോമടി. തലയ്ക്കു ഗാനം. ഗുഡ് നൈററ്."

ഞാൻ ആടിക്കുഴഞ്ഞു് എണീററു. വന്നവഴിയിലൂടെയല്ല ഇറങ്ങിയത്.

അദ്ദേഹം ഗേററുവരെ എൻെറകൂടെ വന്നു. അദ്ദേഹം ചോദിച്ചു:

"ദനിച്ചു പോഗുമോ?"

"പോഗാം. ദനിച്ച് ഗുഡ്നൈററ്."

"തമാഷഗദ എഴുതി അയഗ്ഗണം! പണം വല്ലേം വേണോ?"

"പേൺട്ടാ, ഗുഡ്നൈററ്!"

"ഗുഡ്നൈററ്; ഗോമടി!"

"ഗോമടി; ഗുഡ്നൈററ്!"

ഞങ്ങൾ പിരിഞ്ഞു. എനിക്കു നല്ല പുകച്ചിൽ തോന്നി. വസ്ത്രങ്ങൾ ഉരിഞ്ഞു തലയിൽ കെട്ടാൻ തോന്നിയി

ല്ല. പാട്ടുപാടാൻ തോന്നിയില്ല. ഞാൻ നീണ്ടുനിവന്നു് പട്ടാളമുറയിൽത്തന്നെ അങ്ങനെ നടന്നു. ഒരു ലേശം ബാലൻസുതെററിയാൽ ഞാൻ വീണുപോകുമെന്നു് എനിക്കു തോന്നി. എനിക്കു ദുഃഖമയമായ ഒരാനന്ദവും തോന്നി. യുദ്ധവും കഷ്ടതകളും ഞാൻ മറന്നു. അത്ഭുതകരമായ ഒരാനന്ദം. എങ്ങും നിശ്ശബ്ദത. നല്ല നിലാവു്. ആകെക്കൂടി സന്തോഷം. എനിക്കു വളരെ പൊക്കംവെച്ചിരിക്കുന്നു. കുത്തനെ നിൽക്കുന്ന ഒരു വലിയ പർവ്വതമാണു് ഞാൻ. ബാലൻസുതെററിയാൽ ഭയങ്കരമായ ശബ്ദത്തോടെ 'ഭൂർർ' എന്നു ഞാൻ തകന്നു വീണേയ്ക്കും. എൻെറ തല ആകാശത്തുമുട്ടുന്നുണ്ടു്. . നക്ഷത്രങ്ങളെല്ലാം കറങ്ങുന്നു. ഞാൻ, ആകാശത്തു്......നിലാവിൽ......തലയുംകുത്തി നില്ക്കുകയാണോ? എല്ലാം എന്നിൽ നിന്നകലുന്നുണ്ടോ?......ഭൂഗോളം......എന്നിൽനിന്നും, ദൂരം, അന്തമില്ലാത്ത ദൂരത്തേയ്ക്കു പാഞ്ഞുപോകയാണോ?

★

"നിശ്ചലമായിട്ടു നില്ക്കില്ലൊരിക്കലും
മാന്ത്രികം ജീവിതം."
നിശ്ചയം ജീവിതം—മാന്ത്രികജീവിതം

"Life - magic life never stands still,
though its pace may slow down
for a while!"

976

C.V. SMARAKA GRANDHASALA
Reg. No: 928/59
THENNOORKONAM,
VIZHINJAM